# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.16 No.1 കാർത്തികപ്പള്ളി R.No. 7361/02 2016 JANUARY

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


## ഉല്പത്തിയും ആധുനീക ശാസ്ത്രവും



ജീവന്റെ മാത്രമല്ല, പ്രപഞ്ചത്തിന്റെ തുടക്കവും ദ്രാവകത്തിൽനിന്ന്. ജലത്തിലാണു ജീവൻ രൂപമെടുത്തതെന്ന നിഗമനത്തിനാണു ശാസ്ത്രജ്ഞർക്കിടയിൽ മുൻതൂക്കമുള്ളത്. ലാർജ് ഹാഡ്രോൺ കൊളൈഡറി (എൽ.എച്ച്.സി.)ൽ നിന്നു ലഭിച്ച ഡേറ്റയുടെ അടിസ്ഥാനത്തിലാണ് ഈ ശാസ്ത്ര നിഗമനം. എൽ. എച്ച്. സിയുടെ സഹായത്തോടെ മൗലികമായ സബ് ആറ്റമിക് വസ്തുക്കളെയാണ് ഇവർ കണ്ടെത്തിയത്.

പ്രോട്ടോണുകളെ കൂട്ടിയിടിപ്പിച്ചാണ് എൽ.എച്ച്.സിയിൽ ഗവേഷണം നടത്തിയത്. വസ്തുക്കൾക്ക് വാതകത്തേക്കാൾ ദ്രാവകത്തോടാണു സാമ്യമെന്നു കണ്ടെത്തിയത് ശാസ്ത്രജ്ഞർക്കു വിസ്മയമായി. ഈ കണികകൾക്ക് ഹൈഡ്രജൻ ആറ്റത്തിന്റെ ലക്ഷത്തിലൊന്നു വലുപ്പമേ ഉണ്ടായിരുന്നുള്ളു. (ഏറ്റവും ചെറിയ ആറ്റമാണു ഹൈഡ്രജന്റേത്). ഈ കണ്ടെത്തൽ പ്രപഞ്ചത്തിന്റെ ആദ്യഘട്ടത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾക്കു വഴിതെളിക്കുമെന്നാണു ഗവേഷകനായ ഡോ. ഷെൻമ്വാങ് ടുവിൻരെയുടെ വിശ്വാസം. മഹാവിസ്ഫോടനത്തിനു ശേഷം ദ്രാവകമാകാം രൂപപ്പെട്ടതെന്നാണു നിഗമനം. (ഉല്പത്തി 1:2 ശാസ്ത്രലോകം ഇനിയെങ്കിലും പഠനവിഷയമാക്കേണ്ടതാണ്.)

## ശവപ്പെട്ടികളും സ്മാർട്ടായി!



അവസാനം ശവപ്പെട്ടികളും സ്മാർട്ടായി. വെസ്റ്റ് മിഡിലാൻഡിലെ പെർഫെക്ട് ചോയിസ് ഫ്യൂണറൽസ് ആണു സ്മാർട്ട് ശവപ്പെട്ടി അവതരിപ്പിച്ചത്. മൃതദേഹം വയ്ക്കുന്നതു മുതൽ നിറം വരെ നേരത്തെ നിശ്ചയിക്കാം.

ശവപ്പെട്ടിയുടെ മൂടിയിൽ തയാറാക്കുന്ന ഡിസ്പ്ലേയാണു പ്രധാന ആകർഷണം. ഇവിടെ മരിച്ച വ്യക്തിയുടെ ജീവിത മുഹൂർത്തങ്ങൾ വീഡിയോ രൂപത്തിൽ കാണാം. അനുശോചന സന്ദേശങ്ങളും ശവപ്പെട്ടിയിൽ പ്രത്യക്ഷപ്പെടും. ഫെയ്സ്ബുക്ക്, ടിറ്റർ തുടങ്ങിയവയിൽ വരുന്ന സന്ദേശങ്ങളെയും ശവപ്പെട്ടിയിൽ കാണിക്കാം.

മരിച്ചവ്യക്തിക്ക് ഇഷ്ടമുള്ള പാട്ടുകളും നിറങ്ങളും ശവപ്പെട്ടിയിൽ ക്രമീകരിക്കാൻ സൗകര്യമുണ്ട്. ഇവിടെയും തീർന്നില്ല വാഗ്ദാനങ്ങൾ. മരിച്ച വ്യക്തിയുടെ രൂപം 3ഡി സാങ്കേതിക വിദ്യ ഉപയോഗിച്ചു കല്ലറയ്ക്ക് മുകളിൽ സ്ഥാപിക്കാമെന്നും ഇവർ പറയുന്നു. സ്മാർട്ട് ഫോൺ മുതൽ സ്മാർട്ട് റിങ് വരെ ഉപയോഗിച്ചവരുടെ അന്ത്യയാത്രയും സ്മാർട്ട് ആകണമെന്നാണു കമ്പനി പറയുന്നത്.


**വേദാഭിമാനി**

**വായിക്കുക – പ്രതികരിക്കുക**

**ടൈറ്റസ് കാർത്തികപ്പള്ളി**

കേരള–690516

✆ 9847232598

✆ 9847990939

vedabhimani@gmail.com


## 3000ത്തിലെ മനുഷ്യൻ



ആയിരം വർഷം കഴിഞ്ഞുള്ള മനുഷ്യനെ കണ്ടാൽ എങ്ങനെ? എ.ഡി. 3000ത്തിലെ മനുഷ്യൻ വലിയ ചുവന്ന കണ്ണുള്ളവനായിരിക്കും. മെലിഞ്ഞ് ഉയരം കൂടിയ ശരീരം, നിറം മങ്ങിയ ത്വക്ക്... കാനഡ ആസ്ഥാനമാക്കിയുള്ള അസാപ്സയൻസ് നമ്മുടെ പിൻഗാമികൾ ഇങ്ങനെയാകുമെന്നാണു പ്രവചിക്കുന്നത്. സാങ്കേതികമേഖലയിലുള്ള കുതിപ്പ് മൂലം ഇവർക്കു സൂപ്പർമാന്റെ കഴിവുകൾ പ്രതീക്ഷിക്കാം. ഓർമ മെച്ചപ്പെടുത്താൻ തലച്ചോറിൽ വരെ പ്രത്യേക ചിപ്പുകളെത്തും. രോഗങ്ങളെ തടയാൻ ശരീരത്തിനുള്ളിൽ രക്തത്തിനൊപ്പം നാനോബോട്ടുകളും.

ആഗോള താപനം മൂലം ഉയർന്ന താപനിലയാകും ആ കാലത്തുണ്ടാകുക. അതിനാൽ അക്കാലത്തെ മനുഷ്യരുടെ നിറം മങ്ങും. ഡി.എൻ.എ.യിൽ വരുന്ന വ്യതിയാനമാകും കണ്ണുകളുടെ നിറംമാറ്റത്തിനു കാരണമാവുക. ഡിസൈനർ ബേബികളാകും അക്കാലത്ത് ഉണ്ടാകുക. അതിനാൽ മനുഷ്യരിൽ ഭൂരിപക്ഷവും സുന്ദരന്മാരും സുന്ദരികളും ആയിരിക്കുമെന്നു ഗവേഷണസംഘാംഗമായ ഡോ. അലൻ ക്വാൻ പറഞ്ഞു.

## സോദോം നഗരം കണ്ടെത്തി



പാപത്തിന്റെ ശിക്ഷ ഏറ്റുവാങ്ങിയെന്നു ബൈബിളിൽ വിശേഷിപ്പിക്കപ്പെടുന്ന സോദോം നഗരം കണ്ടെത്തി. ജോർദാനിലെ താൽ എൽ ഹമ്മാമിൽ പര്യവേഷണം നടത്തിയ സംഘമാണു നഗരം കണ്ടെത്തിയതായി അവകാശപ്പെട്ടത്.

ബൈബിളിൽ രേഖപ്പെടുത്തിയതുപോലെ യോർദാൻ നദിക്കു കിഴക്കാണു നഗരത്തിന്റെ സ്ഥാനം. 3,500 മുതൽ 1,540 ബി.സി.വരെ ഈ നഗരം സജീവമായിരുന്നെന്നാണു ഗവേഷകർ വിശ്വസിക്കുന്നത്. ബൈബിളിലെ ഉൽപത്തി പുസ്തകത്തിലും ഖുറാനിലും സോദോം, ഗോമോറ നഗരങ്ങളുടെ നാശം വിവരിക്കുന്നുണ്ട്. ഈ മേഖലയിൽ കണ്ടെത്തിയ മറ്റ് നഗരങ്ങളെക്കാൾ പത്തിരട്ടി വലുതാണു സോദോമെന്നു ന്യൂ മെക്സിക്കോ സർവകലാശാലയിലെ ഗവേഷകർ പറഞ്ഞു. നഗരത്തിനു ശക്തിയേറിയ മതിലിന്റെ സംരക്ഷണമുണ്ടായിരുന്നു. ഇതിന് 17 അടിയായിരുന്നു ഉയരം. പ്രത്യേക കവാടങ്ങളും നിരീക്ഷണ ഗോപുരങ്ങളും ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

വെങ്കലയുഗത്തിലെ ഈ നഗരത്തിൽ നിന്ന് കണ്ടെടുത്ത കലാവസ്തുക്കൾ ഏറെ ശ്രദ്ധേയമാണെന്നു ഗവേഷണ സംഘാംഗമായ സ്റ്റീവ് കോളിൻസ് പറഞ്ഞു. വെങ്കലയുഗത്തിന്റെ അവസാനകാലത്ത് ഈ നഗരം ഉപേക്ഷിക്കപ്പെട്ടതായാണു കരുതുന്നത്.

ഉൽക്കാ പതനമോ ഭൂചലനമോ ആകാം നഗരത്തിന്റെ നാശത്തിനു കാരണമായതെന്നാണു വിലയിരുത്തൽ. പിന്നീട് ബി.സി.1000നും 332നും മദ്ധ്യേ ഇവിടെ വീണ്ടും ജനവാസമുണ്ടായതായി കണ്ടെത്തി.

## കോപ്ടിക് ഭാഷയിലെ 'സുവിശേഷം' വ്യാജം



യേശു വിവാഹിതനായിരുന്നെന്ന വാദം ഉന്നയിക്കുന്നവർക്കു പിൻബലമായിരുന്ന കോപ്ടിക് ഭാഷയിൽ എഴുതിയ "സുവിശേഷം" വ്യാജമെന്നു ഗവേഷകർ. "യേശുവിന്റെ ഭാര്യയുടെ സുവിശേഷം" എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. 2012-ൽ ഹാർവാർഡ് ഡിവിനിറ്റി സ്കൂളിലെ പ്രൊഫ. കരേൻ കിങ്ങാണു സുവിശേഷമെന്ന അവകാശവാദത്തോടെ പാപ്പിറസ് ചുരുൾ പുറത്തുവിട്ടത്. എന്നാൽ എ.ഡി. 741ലാണു ഈ പുസ്തകം രചിക്കപ്പെട്ടതെന്ന് ലൈഫ് സയൻസ് മാഗസിൻ കണ്ടെത്തി. ഈ ഗ്രന്ഥത്തിലുള്ള "യേശു അവരോട് പറഞ്ഞു.... എന്റെ ഭാര്യ... അവൾക്കെന്റെ അനുചാരി ആകാൻ കഴിയും..." എന്ന വാക്യമാണു യേശു വിവാഹിതനാണെന്ന് അവകാശപ്പെട്ടവർക്കു കരുത്തായത്. ഈ ഗ്രന്ഥത്തെ ആദ്യഘട്ടത്തിൽ തന്നെ ഗവേഷകർ തള്ളിക്കളഞ്ഞിരുന്നു. തനിക്കു പാപ്പിറസ് ചുരുൾ നൽകിയ വ്യക്തിയെക്കുറിച്ചു വെളിപ്പെടുത്താൻ പ്രൊഫ. കരേൻ തയാറായിരുന്നില്ല. 1999 നവംബർ 12-നാണ് പാപ്പിറസ് ചുരുളുകൾ ഹാൻസ് ഉൽറിച്ച് ലൗകാമ്പ് എന്ന വ്യക്തിയിൽ നിന്നു വാങ്ങിയതെന്നു പ്രൊഫ. കരേൻ പറയുന്നു. 2002-ൽ ഹാൻസ് അന്തരിച്ചു. ഇദ്ദേഹത്തിനു ചുരുൾ ലഭിച്ചതെവിടെനിന്നെന്നു കണ്ടെത്താൻ കഴിഞ്ഞില്ല.

താരതമ്യേന പുതിയ ഭാഷയാണു ചുരുളിലുള്ളതെന്നും കണ്ടെത്തി. ചുരുളുകളിൽ ഉപയോഗിച്ച മഷിയുടെ പഴക്കവും ആശയക്കുഴപ്പം ഉണ്ടാക്കുന്നതായി ഗവേഷക സംഘം അറിയിച്ചു.

## പ്രത്യേക അറിയിപ്പ്

ദുരുപദേശങ്ങൾക്കും ദൈവനിഷേധത്തിനും എതിരെ വിട്ടുവീഴ്ചയില്ലാത്ത വേദാഭിമാനിയുടെ പോരാട്ടങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിച്ച "ദൈവം ഇല്ലാ എങ്കിൽ" "അബ്രഹാമിന്റെ അനുഗ്രഹവും അഭിവൃദ്ധി അത്ഭുത തട്ടിപ്പും", "യേശുക്രിസ്തു ഏക വഴി" എന്നീ പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായി വിതരണം ചെയ്യാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. അർഹരായവരുടെ കൈകളിൽ ഈ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി എത്തിക്കാൻ സുവിശേഷ സ്നേഹികളുടെ സഹകരണം ഞങ്ങൾക്ക് ആവശ്യമാണ്. **ഇതോടനുബന്ധിച്ച് തുറന്ന സംവാദത്തിനും സംശയനിവാരണത്തിനും ഞങ്ങൾ അവസരം ഒരുക്കുന്നു.**

**ഉടൻ ബന്ധപ്പെടുക.**

**ടൈറ്റസ് കാർത്തികപ്പള്ളി**

**കേരള – 690516. Ph: 9847232598**

**vedabhimani@gmail.com**


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.50 \| മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |



# മാറണം നമ്മുടെ വിശ്വാസം

“വലിയ നുണകൾ സൃഷ്ടിക്കുക. അതു ലളിതമാക്കുക. വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുക. പതിയെ ആളുകൾ അത് വിശ്വസിച്ചുകൊള്ളും.” ഒരു വംശത്തിന്റെ മുഴുവൻ ഉന്മൂലനാശത്തിന് വഴിവെട്ടിയ ഹിറ്റ്ലറുടെ,ജനത്തെ കയ്യിലെടുക്കാനുള്ള അടിസ്ഥാനതത്വമിതായിരുന്നു.

ഇന്നിന്റെ എല്ലാ പരസ്യക്കമ്പനിക്കാരും സ്വീകരിച്ചിരിക്കുന്ന അടിസ്ഥാനവാചകവും ഇതുതന്നെയാണെന്ന് തോന്നുന്നു. മാഗിന്യൂഡിൽസിന് പൂട്ടുവീണു. എന്നാലും ചോദിക്കട്ടെ, രണ്ട് മിനിറ്റുകൊണ്ട് ന്യൂഡിൽസ് ഉണ്ടാക്കിയ അമ്മമാർ ഒന്ന് കൈ പൊക്കുമോ. പരസ്യം പറയുന്നു ന്യൂഡിൽസ് പാചകം ചെയ്യാൻ രണ്ടു മിനിറ്റ് മതിയെന്ന്. കോംപ്ലാൻ കഴിച്ചതുകൊണ്ട് ബുദ്ധികൂടി ക്ലാസിൽ ഒന്നാമനായ ആ കുട്ടിയെ ഒന്നു കാണിച്ചുതരാമോ. ബൂസ്റ്റ് കുടിച്ച് വണ്ണംവച്ചതല്ലാതെ സച്ചിനെപ്പോലെ ബാറ്റു ചെയ്യാൻ പറ്റിയ ഒരു കളിക്കാരനെ ഒന്നു കാട്ടിത്തരാമോ? എന്നിട്ടും നമ്മൾ കുട്ടികൾക്ക് മേടിച്ചു കൊടുക്കുന്നത് ഇതുതന്നെ. ആര് പറഞ്ഞിട്ട്? പരസ്യം!!! അപ്പോൾ സംഭവം സത്യമാണ്; വലിയ നുണകൾ സൃഷ്ടിച്ച് ആവർത്തിച്ച് പറഞ്ഞ് നമ്മെ അന്ധരാക്കുകയാണ് ഇവർ.

ആടിനെ പുലിയാക്കാനും പുലിയെ ആടാക്കാനും കെൽപ്പുള്ള തന്ത്രശാലികൾ നമ്മുടെ നാട്ടിലൊരുകാലത്തുണ്ടായിരുന്നു എന്ന് കേട്ടിട്ടുണ്ട്. അതിന് രൂപാന്തരീകരണം സംഭവിച്ച് ആധുനികരിക്കപ്പെട്ടതാണ് പരസ്യങ്ങളും ഇന്നത്തെ അനുഗ്രഹ അത്ഭുത വീരന്മാരും എന്നു തോന്നുന്നു. ഈ പരസ്യ മന്ത്രത്തിൽപ്പെട്ട് മാറിപ്പോയത് എന്തൊക്കെയാണെന്ന് മനസ്സിലാക്കുമ്പോഴാണ് അതിന്റെ ഭീകരത മനസ്സിലാകുക. രാഷ്ട്രീയം, മതം, സംസ്കാരം, ഉല്പന്നങ്ങൾ എന്നുവേണ്ട മൂല്യങ്ങൾപോലും പരസ്യമെന്ന മന്ത്രത്തിലൂടെ രൂപാന്തരപ്പെടുകയാണ്.

അതുകൊണ്ടുതന്നെയാണല്ലോ ആളുകൾ കൊലചെയ്യപ്പെടുകയും അതിലുമേറെപ്പേർ മുറിവേൽക്കപ്പെടുകയും അനാഥത്വത്തിലേക്ക് തള്ളിവീഴ്ത്തപ്പെടുകയും ചെയ്ത ആ കൂട്ടക്കുരുതിക്ക് ശേഷവും പരോക്ഷമായിട്ടെങ്കിലും അതിനു ചരടുവലിച്ച ഒരു പ്രസ്ഥാനവും അതിന്റെ നേതാവും ഭരണസിരാകേന്ദ്രത്തിൽ എത്തപ്പെട്ടത്. ‘അച്ചാദിൻ ആഗയാ’ എന്ന മന്ത്രം എങ്ങനെയാണ് വെറും പതിമൂന്ന് വർഷം മുൻപു നടന്ന ആ കൂട്ടക്കുരിതിയെ മറക്കാൻ പഠിപ്പിച്ചത്. ‘എന്റെ നമ്പർ ഉടൻ വരും’ എന്ന പണ്ടത്തെ ‘പെപ്സി’യുടെ പരസ്യംപോലെ അച്ചാദിൻ നാളെ വരും എന്ന കാത്തിരിപ്പു തുടങ്ങിയിട്ട് ദിവസങ്ങളും മാസങ്ങളും കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഇനിയും നമ്മൾ കാത്തിരിക്കുകയാണ്. കാരണം പരസ്യം അങ്ങനെയാണ് പറയുന്നത്. അപ്പോൾ സംഭവം സത്യമാണ് നമ്മൾ ആ വലിയ നുണയും വിശ്വസിച്ച് തുടങ്ങിയിരിക്കുന്നു.

പരസ്യങ്ങൾ രണ്ട് കാര്യങ്ങളാണ് ചെയ്യുന്നത്: ഒന്ന് അറിവ് നല്കുന്നു, രണ്ട് അതു സ്വന്തമാക്കാൻ പ്രേരിപ്പിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജീവിച്ച അമേരിക്കൻ ഹാസ്യനടൻ വിൽറോഗസ് പരസ്യങ്ങളെപ്പറ്റി പറയുന്നത് ശ്രദ്ധിക്കുക. “ആവശ്യമില്ലാത്ത ഒരു വസ്തുവിനുവേണ്ടി കൈയിൽ പണം ഇല്ലെങ്കിലും എങ്ങനെയും പണം ഉണ്ടാക്കി അത് സ്വന്തമാക്കണം എന്ന് ആളുകളെ ബോധ്യപ്പെടുത്തുന്ന കലയാണ് പരസ്യം.”ഇതില്ലാതെ പറ്റില്ലായെന്നു തോന്നുംവിധം മനുഷ്യനെ വല്ലാതെ നിർബന്ധിക്കുകയാണ് പരസ്യങ്ങൾ. അതുകൊണ്ടാണല്ലോ ‘ടെലിബൈ’ യിൽ കാണുന്ന സാധനങ്ങൾ ആളുകൾ നിമിഷനേരംകൊണ്ട് ഓർഡർ ചെയ്ത് സ്വന്തമാക്കാൻ ശ്രമിക്കുന്നത്.

ജീവിതം കഷ്ടപ്പാടുകൾ നിറഞ്ഞതാണ്. എല്ലാവരും കഷ്ടപ്പാടുകളിൽക്കൂടി കടന്നുപോകേണ്ടവരും വിഷമങ്ങൾ നേരിടേണ്ടവരുമാണ്. പക്ഷേ പരസ്യങ്ങൾ പറഞ്ഞു പഠിപ്പിക്കുയാണ്, വിശ്വസിപ്പിക്കുകയാണ് ഈ കഷ്ടങ്ങളെല്ലാം വളരെ എളുപ്പത്തിൽ മറികടക്കാനാകുമെന്ന്. വയറു കുറയ്ക്കാൻ സൈക്കിൾ ചവിട്ടി വ്യായാമം ചെയ്യുന്ന പരസ്യത്തിലെ നായകനെ നോക്കൂ. എത്ര ചവിട്ടിയിട്ടും അയാൾ കിതയ്ക്കുന്നില്ല, വിയർക്കുന്നില്ല, അയാളുടെ മുഖത്തെ പുഞ്ചിരി മായുന്നില്ല. ഇതുപോലെതന്നെയാണ് പരസ്യങ്ങളിലെ പെയിന്റടിക്കുന്ന ആളും തറ തുടയ്ക്കുന്ന ആളും. പരസ്യം കണ്ട് മോഹം കയറി വണ്ണം കുറയ്ക്കാൻ സൈക്കിൾ മേടിച്ച സുഹൃത്ത് ഉന്തിയ വയറുമായി, തുരുമ്പിക്കാൻ തുടങ്ങിയ സൈക്കിൾ വിൽക്കാൻ തുടങ്ങിയപ്പോൾ ഞാൻ ചോദിച്ചു: “എന്തു പറ്റി രണ്ടുമാസമായില്ലല്ലോ.” അപ്പോൾ മറുപടി കിട്ടി: “സൈക്കിൾ ചവിട്ടുന്ന നേരം പറമ്പിൽ ഇറങ്ങി കിളച്ചിരുന്നെങ്കിൽ കുറച്ചുകൂടി എളുപ്പത്തിൽ എന്റെ വണ്ണം കുറഞ്ഞേനെ.”

“ഔദ്യോഗികമായ നുണപറച്ചിലാണ് പരസ്യം” ഇത് മാർ ടൈന്റെ ഭാഷ്യം. ഇല്ലാത്തതു പറയരുത് എന്നുമാത്രമല്ലാ ഉള്ളതുപോലും ഒത്തിരി പുറത്തുകാണിക്കണ്ട എന്നു പറഞ്ഞ യേശുവിനെ ഇടയ്ക്കെങ്കിലും ഒന്ന് ഓർക്കുന്നതു നല്ലതാണ്. ഇടതുകൈ ചെയ്യുന്നത് വലതുകൈ അറിയരുത്. പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവരെ കാണിക്കരുത്, നീ ഉപവസിക്കുമ്പോൾ വേറെ ആരും അറിയണ്ടാ എന്നൊക്കെ അവിടുന്ന് പറയുന്നതിന്റെ അർത്ഥം പരസ്യങ്ങൾ വേണ്ട എന്നുതന്നെയല്ലേ. ഓരോ അത്ഭുതത്തിനുശേഷവും ആരോടും പറയല്ലേ എന്ന കർശനനിർദേശം അവിടുന്ന് എന്തുകൊണ്ടാണ് നല്കിയത്? അവിടുന്ന് തിരിച്ചറിഞ്ഞിരുന്നു. അമിത പരസ്യങ്ങൾ ഉള്ളിനെ മലിനമാക്കുമെന്ന്.

എന്നിട്ടും ഇന്ന് ഏറ്റവും കൂടുതൽ പരസ്യപ്പെടുത്തലുകൾ നടത്തപ്പെടുന്നത് ഈ യേശുവിന്റെ പേരിൽതന്നെയാണ് എന്നതാണ് ഏറ്റവും വിചിത്രം. ലോകം മുഴുവനും സുവിശേഷം അറിയിക്കണം എന്ന ആഹ്വാനത്തിന്റെ പിൻബലത്തിൽ നടത്തപ്പെടുന്ന കോലാഹലങ്ങളും പരസ്യബോർഡുകളും ഫ്ളെക്സുകളും ബാനറുകളും മൈക്കുകെട്ടി വിളിച്ചുപറയലുമൊക്കെ യഥാർത്ഥത്തിൽ അതിന്റെ ലക്ഷ്യം കാണുന്നുണ്ടോ? ഇടങ്ങഴി മാവിനെ പുളിപ്പിക്കാനുള്ള പുളിമാവാകാനുള്ള ക്ഷണം വളരെ ചെറിയ പരസ്യപ്പെടുത്തലിന്റേതാണ്. അതേസമയം അതു വളരെ ക്രിയാത്മകവും ആണ്. തിരുവചനസത്യങ്ങൾ പരസ്യപ്പെടുത്തേണ്ട സ്ഥാനത്ത് മഹാത്ഭുതങ്ങളും അനുഗ്രഹോത്സവങ്ങളും മഹാവിടുതൽ ശുശ്രൂഷയും എന്ന പേരിൽ ഫ്ളെക്സുകളും തോരണങ്ങളും കൈയും കണക്കുമില്ലാതെ വലിച്ചുകെട്ടി ആളുകളെ പ്രലോഭിപ്പിച്ച് വ്യാജ വിശുദ്ധന്മാർ തങ്ങളുടെ സാമ്രാജ്യങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചിലവില്ലാതെ സൗഖ്യമാക്കുന്ന, അദ്ധ്വാനിക്കാതെ പണക്കാരനാക്കുന്ന സിദ്ധനും മാന്ത്രികനുമായി യേശുവിനെ ഇക്കൂട്ടർ ജനമദ്ധ്യത്തിൽ അവതരിപ്പിച്ച് തട്ടിപ്പുനടത്തുന്നു. പരസ്യങ്ങളിൽ മയങ്ങി ഇത് തട്ടിപ്പാണെന്ന് മനസിലാക്കാതെ സാധാരണക്കാരായ ജനങ്ങളും വചനപരിജ്ഞാനമില്ലാത്ത വിശ്വാസികളും തട്ടിപ്പിനിരയാകുന്നു. ഫലമോ, അനുഗ്രഹ അത്ഭുത തട്ടിപ്പുവീരന്മാർ കൊഴുത്തുരുണ്ട് ബലവാന്മാരും ധനവാന്മാരും ആകുന്നു. അവരുടെ വാക്ക് വിശ്വസിച്ച് അവരെ അനുഗമിക്കുന്നവർ അവശരും ആർത്തരും ആലംബഹീനരുമായി അലയുന്നു.

ഇന്നു നടക്കുന്നത് സുവിശേഷ പ്രഘോഷണമോ അതോ,പരസ്യപ്രഘോഷണമോ? പരസ്യപ്രഘോഷണങ്ങളിലൂടെ നടത്തപ്പെടുന്ന അനുഗ്രഹോത്സവങ്ങളിൽ സുവിശേഷത്തിന് എന്തു സ്ഥാനമാണ് ഉള്ളത്? സുവിശേഷം പ്രസംഗിച്ചിരുന്ന അപ്പോസ്തലന്മാരുടെ സ്ഥാനത്ത് അനുഗ്രഹവും അത്ഭുതവുമായി ‘അപ്പോക്കാലന്മാർ’ അരങ്ങു വാഴുകയാണ്. ഇങ്ങനെയുള്ള പരസ്യപ്പെടുത്തലുകൾ ആത്മീയതയിൽ വരുത്തുന്ന ജീർണ്ണതകൾ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല.

അപ്പോൾ പരസ്യങ്ങൾ വേണ്ടേ? തീർച്ചയായും വേണം. അത് അറിവു നൽകുന്നതും അനാവശ്യമോഹങ്ങൾ ജനിപ്പിക്കാത്തതും മനസ്സിനെ അന്ധമാക്കാത്തതുമായിരിക്കണം. പക്ഷേ ഇന്നിന്റെ പരസ്യങ്ങളിലൂടെ പ്രചരിക്കപ്പെടുന്ന ആത്മീയത പറഞ്ഞ് പഠിപ്പിക്കുന്നത് ഒന്നു മാത്രം ആണ്. ദൈവം നിങ്ങളുടെ കഷ്ടപ്പാടുകൾ ഇല്ലാതാക്കും. ദൈവം നിങ്ങളെ ബലവാനും ധനികനുമാക്കും. ശ്രദ്ധിക്കുക, “നിങ്ങളുടെ ഏത് ആഗ്രഹവും ഉടൻ പൂർത്തിയാക്കാം എന്ന വാഗ്ദാനം നൽകി, മനുഷ്യന്റെ അടിസ്ഥാനതിന്മകളിൽ ഒന്നായ അലസതയെ ഉണർത്തി, കഠിനാധ്വാനം ചെയ്യാതിരിക്കാൻ പ്രേരിപ്പിക്കുന്ന പരസ്യങ്ങൾ ഈ തലമുറയ്ക്ക് ശാപവും ഭീഷണിയുമായി മാറിക്കൊണ്ടിരിക്കുകയാണ്.

എന്താണ് നമ്മുടെ വിശ്വാസം. വിശ്വാസം അതല്ലേ എല്ലാം എന്ന കല്യാൺ സിൽക്സിന്റെ പരസ്യവാചകത്തിന്റെ സ്ഥാനത്ത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആണെന്ന് 2016ൽ എങ്കിലും ഒന്ന് മാറ്റി പറയുവാൻ നമുക്ക് കഴിയുമോ?


**ദൈവം ഇല്ലാ എങ്കിൽ**

ടൈറ്റസ് കാർത്തികപ്പള്ളി

*ദൈവം ഇല്ലാ എന്ന് ചിലർ. ചിലർക്ക് ദൈവം യുക്തിയ്ക്കും ബുദ്ധിയ്ക്കും നിരക്കുന്ന ഒന്നല്ല. മറ്റു ചിലർക്ക് ദൈവം കേവലം ഒരു വിശ്വാസം മാത്രം. ചിലരുടെ ദൈവം, ശാസ്ത്രം. ഒരു കൂട്ടർക്ക് ദൈവം ആരെന്നു പോലും അറിയില്ല. ഇങ്ങനെയുള്ള ദൈവനിഷേധികൾക്ക് വായിക്കുവാനും ചിന്തിക്കുവാനും സംവദിക്കുവാനും അവസരം ഒരുക്കിക്കൊണ്ട് തയ്യാറാക്കിയ ലഘുചിന്ത.*

**അബ്രഹാമിന്റെ അനുഗ്രഹവും അഭിവൃദ്ധി അത്ഭുത തട്ടിപ്പും**

ടൈറ്റസ് കാർത്തികപ്പള്ളി

*അബ്രാഹിന്റെ അനുഗ്രഹം ക്രിസ്തുവിലൂടെ! യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ ആവശ്യം പോലെ സമ്പത്തും ആരോഗ്യവും ലഭിക്കും എന്ന ചിന്തയിൽ വലയുന്നവർ നിർബന്ധമായും വായിച്ചിരിക്കേണ്ട വചനയാഥാർത്ഥ്യം.*

ആവശ്യപ്പെടേണ്ട വിലാസം:

വേദാഭിമാനി, കേരള – 690516

**യുക്തിവാദം ഒരു പരിശോധന**

പ്രൊഫ. ടി. ജോൺ മാത്യു

*എന്താണ് യുക്തിവാദം? യുക്തിവാദികൾ ദൈവത്തെ നിഷേധിക്കാനുള്ള കാരണമെന്ത്? ദൈവവിശ്വാസം കേവലം അന്ധവിശ്വാസമാണോ? തുടങ്ങി അനേകകാര്യങ്ങൾ വ്യക്തമാക്കി യുക്തിവാദികൾക്ക് യുക്തിപൂർവ്വമായ മറുപടിയിലൂടെ യുക്തിവാദത്തിൽ യുക്തിയില്ലായെന്ന് സമർത്ഥിക്കുന്ന ലഘുഗ്രന്ഥം.*

**മൂന്ന് അത്യാപത്തുകൾ**

പ്രൊഫ.ടി.ജോൺ മാത്യു

*സമൂഹം അഭിമുഖീകരിക്കുന്ന മൂന്ന് അത്യാപത്തുകൾ. അത് കുടുംബത്തിനും സമൂഹത്തിനും വരുത്തിവയ്ക്കുന്ന നാശം. മദ്യം, പുകവലി, ലഹരിമരുന്ന് ഉപയോഗത്താൽ സംഭവിക്കുന്ന കെടുതികളെക്കുറിച്ചും അതിൽ നിന്ന് എങ്ങനെ മുക്തിപ്രാപിക്കാം എന്നതിനെക്കുറിച്ചും സവിസ്തരം പ്രതിപാദിക്കുന്ന ഗ്രന്ഥം.*

ആവശ്യപ്പെടേണ്ട വിലാസം

ബൈബിൾ സ്റ്റഡി സെന്റർ, മണ്ണുത്തി, തൃശ്ശൂർ 680651






# വഴിയൊരുക്കുക അവർ വളരട്ടെ

റെയിൽ പാളങ്ങളിലേക്കു നോക്കുക. നിശ്ചലം നീണ്ടുകിടക്കുമ്പോഴും പാളങ്ങൾക്ക് ഒരു നിയോഗമുണ്ട്. ലക്ഷ്യമുണ്ട്. കൂകിപ്പായുന്ന ട്രെയിനുകളെ ലക്ഷ്യസ്ഥാനത്തെത്തിക്കുക. ദാമ്പത്യവും ഇങ്ങനെതന്നെ. അനുഭവങ്ങളുടെ ശക്തമായ അടിത്തറയിൽ പരസ്പരം കൊടുത്തും കൊണ്ടും ഉറയ്ക്കുന്ന ബന്ധമാണു ദാമ്പത്യം. ഉരുക്കുപാളങ്ങൾ പോലെ അത് ഉറയ്ക്കുമ്പോഴേ ട്രെയിനുകളെപ്പോലെ ചൂളം വിളിച്ച് കുതിച്ചു പാഞ്ഞ് ലക്ഷ്യസ്ഥാനത്തെത്താൻ നമ്മുടെ മക്കൾക്കു കഴിയൂ.

വലിയവനു വഴിയൊരുക്കാൻ വരുന്ന ചെറിയവന്റെ മനോഭാവമാണ് കുട്ടികളോട് നാം പുലർത്തേണ്ടത്. നാമവർക്ക് വഴിയൊരുക്കണം. അവർ വളരുകയും നാം കുറയുകയും വേണം.

പിതാവിന്റെ സ്നേഹത്തിന് വെയിലിന്റെ തീക്ഷ്ണതയാണെങ്കിൽ മാതാവിന്റെ സ്നേഹത്തിനു നിലാവിന്റെ കുളിർമ! വെയിലും നിലാവും ഭൂമിക്ക് സൗന്ദര്യമായി മാറുന്നതുപോലെ മാതാപിതാക്കളുടെ സ്നേഹം മക്കൾക്ക് ആഭരണങ്ങളായി മാറുന്നു.

കുട്ടികളെ നേർവഴിക്കു നയിക്കുക എന്ന ഉത്തരവാദിത്വത്തിൽ നിന്നും നമുക്കൊരിക്കലും ഒഴിഞ്ഞുമാറാനാവില്ല. 'ട്രെന്റുകൾ മാറുന്നു. കുട്ടികൾ ഇപ്പോൾ ഏറെ സ്വാതന്ത്ര്യം കൊതിക്കുന്നു. നമുക്കെന്തു ചെയ്യാനാവും' എന്നു പറഞ്ഞ് രക്ഷപ്പെടാനും ആവില്ല. ട്രെൻഡുകൾക്കൊപ്പം നീങ്ങാനല്ല, ട്രെൻഡ് മേക്കർ ആകാനാണ് മക്കൾക്ക് നാം പ്രചോദനം നൽകേണ്ടത്.

നന്മയിലേക്കു വളരാനും നല്ലവരാകാനുമുള്ള അഭിവാഞ്ഛ ഓരോ മനുഷ്യന്റെയും ഉള്ളിൽ ദൈവം നിക്ഷേപിച്ചിട്ടുണ്ട്. ആ അഭിവാഞ്ഛ നിറവേറ്റാനുള്ള സാഹചര്യങ്ങൾ ഒരുക്കാത്തതുകൊണ്ടും, മാതാപിതാക്കൾ തന്നെ മാനസികമായി സ്വയം വേണ്ടത്ര ഒരുങ്ങാത്തതുകൊണ്ടുമാണ് മക്കൾ വഴിപിഴച്ചു പോകുന്നത്.

മക്കളെ നേരായ വഴിക്കു നടത്തുന്നത് മാതാപിതാക്കളുടെ ജീവിത മാതൃകയും കണ്ണീരോടെയുള്ള പ്രാർത്ഥനയുമാണ്. മക്കളെ വളർത്തുമ്പോൾ മാതാപിതാക്കളും അവരറിയാതെ വളരുകയാണ്. ഒരുതരത്തിൽ പറഞ്ഞാൽ നാം കുട്ടികളെയല്ല, അവർ നമ്മെയാണ് വളർത്തുന്നത്. മാതാപിതാക്കളുടെ വിശുദ്ധീകരണത്തിനും കൂടിയാണ് ദൈവം അവർക്കു മക്കളെ നൽകുന്നത്.

മാതാപിതാക്കൾ തമ്മിലുള്ള അനൈക്യവും സ്പർധയും-അതാണു കുട്ടികൾക്കു ലഭിക്കാവുന്ന ഏറ്റവും വലിയ ദുർമാതൃക. മാതാപിതാക്കൾ തമ്മിലുള്ള ഒരുമയും സ്നേഹവും - അതാണു കുട്ടികൾക്കു ലഭിക്കാവുന്ന ഏറ്റവും വലിയ സന്മാതൃക.


മാനസികമായ വഴക്കവും, തുറന്ന മനഃസ്ഥിതിയുമുള്ള മാതാപിതാക്കൾ മക്കളുടെ വളർച്ചയ്ക്ക് ഒരിക്കലും ഒരു തടസ്സമാവില്ല. മക്കൾ വളരുന്നതോടൊപ്പം അവരും വളർന്നുകൊണ്ടിരിക്കും. ഫ്ളെക്സിബിലിറ്റി (flexibility) എന്ന ഗുണമുള്ള ഇത്തരം മാതാപിതാക്കളെ മക്കൾ അതിരറ്റു സ്നേഹിക്കും, ആദരിക്കും.

എന്റെ മക്കൾ ആരാകണമെന്ന് നിശ്ചയിക്കേണ്ടത് ഞാനല്ല, അവരാണ്. വഴിയൊരുക്കാനേ എനിക്കു കടമയുള്ളൂ. ലക്ഷ്യമേതെന്ന് നിശ്ചയിക്കേണ്ടത് അവരാണ്. ഈയൊരു സാമാന്യനിയമം പക്ഷേ പല മാതാപിതാക്കളും പാലിക്കുന്നില്ലെന്നു തോന്നുന്നു. അതുകൊണ്ടാവാം ഇഷ്ടമില്ലാത്ത കോഴ്സിനു ചേർന്ന് ജോലി ലഭിച്ചു ഉന്നതനിലകളിലെത്തിയാലും പല കുട്ടികൾക്കും ജോലിയിൽ നിന്നുള്ള സംതൃപ്തി (job satisfaction) ലഭിക്കാതെ പോകുന്നത്.

മാതൃകകൾ ചൂണ്ടുപലകകളാണ്. ഏതു വഴിയെ പോകണമെന്ന് അവ നിർദ്ദേശിച്ചുതരുന്നു. അവ ഇല്ലാതെ വന്നാലോ? വഴി അറിയാതെ യാത്രികൻ കുഴങ്ങിപ്പോകും. എങ്ങോട്ടു തിരിയണമെന്നറിയാതെ, ഏതു വഴിയെ പോകണമെന്നറിയാതെ നാൽക്കവലയിൽ പകച്ചുനിൽക്കുന്ന യാത്രികനെപ്പോലെയാണ് പല കുട്ടികളും. വിദഗ്ധമായ കരിയർ ഗൈഡൻസ് നൽകുന്നതോടൊപ്പം മികച്ച ജീവിതമാതൃകകൂടി നൽകിയാലേ പരിഭ്രമം മാറി ലക്ഷ്യത്തിലേക്ക് മുന്നേറാൻ അവർ പ്രാപ്തരായിത്തീരൂ.

വിദഗ്ധനായ ഒരു ഷൂട്ടറും സമർത്ഥനായ ഒരു വിദ്യാർത്ഥിയും ചെയ്യുന്നത് ഒരേ കാര്യം തന്നെയാണ്: ശ്രദ്ധ മുഴുവൻ അവർ ഒരൊറ്റ ബിന്ദുവിലേക്ക് കേന്ദ്രീകരിക്കുന്നു. അങ്ങനെ ലക്ഷ്യം നേടിയെടുക്കുന്നു. അശ്രദ്ധകളകറ്റി കുട്ടിക്ക് ലക്ഷ്യത്തിലേക്കുള്ള ഫോക്കസ് ശരിയാക്കി കൊടുക്കുകയാണ് നമ്മുടെ കടമ. അതു നാം നിറവേറ്റിയാൽ അവർ ലക്ഷ്യം നേടിക്കൊള്ളും.

## സോക്രട്ടീസ്




അറിവാണ് നന്മ. നന്മയോടുകൂടി ജീവിക്കാൻ പഠിക്കുക എന്നു ലോകത്തോടു വിളിച്ചുപറഞ്ഞ ഗുരുവാണ് സോക്രട്ടീസ്. ബി.സി.469 മുതൽ 399 വരെയായിരുന്നു ജീവിതകാലം. നന്മയ്ക്കും സത്യസന്ധതയ്ക്കുമായി ധീരമായ നിലപാടു സ്വീകരിച്ച സോക്രട്ടീസിനു പക്ഷേ ഭരണകൂടം വിധിച്ചത് വധശിക്ഷയായിരുന്നു.

ബി.സി. 399-ൽ ഏതൻസിലെ ഒരു തടവുമുറിയിൽ ഈ തടവുകാരന് ഹെംലോക്ക് എന്ന വിഷം നൽകി വധശിക്ഷ നടപ്പാക്കുകയായിരുന്നു. ചോദ്യോത്തരങ്ങളിലൂടെയും സംവാദങ്ങളിലൂടെയുമായിരുന്നു സോക്രട്ടീസ് തന്റെ ആശയങ്ങൾ അവതരിപ്പിച്ചിരുന്നത്.

അതിനാൽ പിൽക്കാലത്ത് സോക്രട്ടിയൻ രീതി എന്നുകൂടി ചോദ്യോത്തര രീതി അറിയപ്പെട്ടു. പരമ്പരാഗത രീതിയിൽ ആരെയും പഠിപ്പിക്കാൻ ശ്രമിക്കാത്ത, തന്റെ ആശയങ്ങളൊന്നും എഴുതിവച്ചിട്ടില്ലാത്ത സോക്രട്ടീസിനും ശിഷ്യന്മാരുണ്ടായിരുന്നു. പാശ്ചാത്യതത്ത്വജ്ഞാനികളിൽ ശ്രദ്ധേയനായിരുന്ന പ്ലേറ്റോ ആയിരുന്നു ശിഷ്യന്മാരിൽ പ്രമുഖൻ.

## പ്ലേറ്റോ




ഗ്രീസിലെ ഏതൻസിൽ തത്ത്വചിന്തയും ശാസ്ത്രവും പഠിപ്പിക്കാൻ പ്ലേറ്റോ അക്കാദമി എന്ന പഠനകേന്ദ്രം സ്ഥാപിച്ചു. സോക്രട്ടീസിന്റെ സ്വാധീനം ഉൾക്കൊണ്ട പ്ലേറ്റോ തന്റെ രചനകൾ സംവാദ രൂപത്തിലാണ് അവതരിപ്പിക്കുന്നത്.

അരിസ്റ്റോയിസ് എന്നതാണ് പ്ലേറ്റോയുടെ ശരിയായ പേര്. പ്ലേറ്റോവിന്റെ വിരിഞ്ഞ തോളും ശരീരവുമാണത്രെ അദ്ദേഹത്തിന് പ്ലേറ്റോ എന്നു പതിയാൻ കാരണമായത്.

ബി.സി. 427 മുതൽ 347 വരെയായിരുന്നു പ്ലേറ്റോവിന്റെ ജീവിതകാലം. അപ്പോളജി, റിപ്പബ്ലിക്, സിംപോസിയം തുടങ്ങിയവ പ്ലേറ്റോയുടെ പ്രധാന കൃതികളാണ്.

## അരിസ്റ്റോട്ടിൽ



ഗുരുവിനേക്കാൾ പ്രശസ്തരായ ശിഷ്യർ. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നീ തത്ത്വജ്ഞാനികളുടെ ജീവിതകഥ അതാണ് തെളിയിക്കുന്നത്. സോക്രട്ടീസിനെ പിന്നിലാക്കിയ ശിഷ്യനാണ് പ്ലേറ്റോ. ഗുരുവായ പ്ലേറ്റോയെയും പിന്നിലാക്കിയാണ് പാശ്ചാത്യ വിജ്ഞാനലോകത്ത് അരിസ്റ്റോട്ടിൽ നിലകൊള്ളുന്നത്.

ബി.സി. 384 മുതൽ 322 വരെയായിരുന്നു ജീവിതകാലം. മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ ഗുരുവായിരുന്നു അരിസ്റ്റോട്ടിൽ. കുട്ടിയായ അലക്സാണ്ടറെ പഠിപ്പിക്കാൻ അഞ്ചുവർഷം അരിസ്റ്റോട്ടിൽ മാസിഡോണിയൻ കൊട്ടാരത്തിൽ കഴിയുകയായിരുന്നു.


പ്ലേറ്റോയുടെ അക്കാദമിയെപ്പോലെ ഏതൻസിൽ ലൈസിയം എന്ന വിദ്യാലയം അരിസ്റ്റോട്ടിൽ സ്ഥാപിച്ചു. നടന്നുകൊണ്ട് പ്രഭാഷണം നടത്തുന്ന ശീലം അരിസ്റ്റോട്ടിലിനുണ്ടായിരുന്നു. പിൽക്കാലത്ത് അരിസ്റ്റോട്ടിലിന്റെ ശിഷ്യന്മാർ ചുറ്റിനടക്കുന്നവർ എന്ന അർത്ഥത്തിൽ പെരിപ്പാറ്ററ്റിക്സ് എന്നറിയപ്പെട്ടു. പൊളിറ്റിക്സ്, പോയറ്റിക്സ്, മെറ്റാഫിസിക്സ് തുടങ്ങിയവ പ്രശസ്ത രചനകളാണ്.

## ഒരു ഡോളർ

*ഒരിക്കൽ ക്രിസ്മസ് രാവിൽ കുറേ കുട്ടികൾ കരോളുമായി ആൽബർട്ട് ഐൻസ്റ്റീന്റെ വീട്ടിലെത്തി. പാട്ടും നൃത്തവുമായി അവർ ഐൻസ്റ്റീന്റെ വാതിലിൽ മുട്ടി. വാതിൽ തുറന്ന് ഐൻസ്റ്റീനും കുട്ടികളോടൊപ്പം കൂടി.*

*അല്പ സമയം കഴിഞ്ഞ് പരിപാടികൾ അവസാനിപ്പിച്ച് കുട്ടികൾ അദ്ദേഹത്തോട് പണം ആവശ്യപ്പെട്ടു. "നിങ്ങൾക്ക് ഓരോ വീട്ടിൽനിന്നും എത്ര പണം കിട്ടും?" അദ്ദേഹം കുട്ടികളോട് ചോദിച്ചു. "ഒരു ഡോളർ!", കുട്ടികൾ പറഞ്ഞു. പെട്ടെന്ന് ഐൻസ്റ്റീൻ വീട്ടിനകത്തേക്കു പോയി.*

*തലയിൽ തൊപ്പിയും കൈയിൽ തന്റെ പ്രിയപ്പെട്ട വയലിനുമായി പുറത്തുവന്ന ഐൻസ്റ്റീൻ കുട്ടികളോടു പറഞ്ഞു: "ഞാനും നിങ്ങളോടൊപ്പം വരാം. കിട്ടുന്നതിൽ നിന്ന് എനിക്കും ഒരു പങ്ക് തന്നാൽ മതി."*



# ജഡത്തിലെ ശൂലവും ദൈവത്തിന്റെ പോംവഴിയും



**കാ**ഴ്ചയ്ക്കു സൗന്ദര്യവും നടത്തയിൽ രാജകീയ പ്രൗഢിയുമുള്ള കുതിരകൾ വിശിഷ്ടമായ ജന്തുക്കളത്രേ. തികച്ചും ആയാസരഹിതമായി അതിവേഗത്തിൽ, ശക്തിയോടെ കുതിക്കാൻ കെല്പുള്ളവയെങ്കിലും മെരുക്കിയെടുക്കാവുന്ന മൃഗങ്ങളാണ് കുതിരകൾ. എല്ലാ കാലഘട്ടത്തിലും ഏതു സംസ്കാരത്തിലുമുള്ള രാജാക്കന്മാർ കുതിര സവാരി ഇഷ്ടപ്പെട്ടിരുന്നു. പ്രൗഢി, ശക്തി, വേഗം, സൗന്ദര്യം ഇവയുടെ മൂർത്തീഭാവമായിരുന്നു കുതിരകൾ എക്കാലത്തും. എന്നാൽ അടുത്ത കാലത്തായി അപകടകാരികളായ ഇണങ്ങാത്ത കുതിരകളെ മെരുക്കിയെടുക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങളും ലേഖനങ്ങളും എന്നെ അത്ഭുതപ്പെടുത്താൻ തുടങ്ങി. അങ്ങനെയാണ് ഞാൻ ജോൺ സോളമൻ റേറിയെപ്പറ്റി കേൾക്കാൻ ഇടയായത്.

ഒട്ടും മെരുങ്ങാത്തവയും അപകടകാരികളുമായ കുതിരകളെ വേഗത്തിൽ എങ്ങനെ മെരുക്കിയെടുക്കാം എന്ന് പരിശീലകരെ പഠിപ്പിച്ച ജോൺ റേറി പത്തൊൻപതാം നൂറ്റാണ്ടിൽ അമേരിക്കയിൽ ജീവിച്ച മനുഷ്യനായിരുന്നു. ദുർവിനിയോഗം മൂലമോ വേദനാജനകമായ അനുഭവങ്ങൾ മൂലമോ മനുഷ്യരെ ഭയപ്പെടുകയും മോശമായി പെരുമാറുകയും ചെയ്തിരുന്ന കുതിരകളെ ശാന്തരാക്കുന്നതിൽ അയാൾ വിദഗ്ധനായിരുന്നു.

ഇംഗ്ലണ്ടിലെ വിക്ടോറിയ രാജ്ഞിയുടെ ക്ഷണപ്രകാരം അവരുടെ പ്രശ്നക്കാരനായ ഒരു കുതിരയെ മെരുക്കിയെടുത്തതോടെയാണ് റേറി പ്രസിദ്ധനായത്. അതിനുശേഷം ലോകമെമ്പാടും സഞ്ചരിച്ച് കുതിരകളെ ശാന്തരാക്കി മനുഷ്യർക്ക് ഉപയോഗമുള്ളതാക്കിത്തീർക്കയായിരുന്നു അയാളുടെ ദൗത്യം. യാത്രയ്ക്ക് പ്രധാനമായും കുതിരകളെ ഉപയോഗിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അതെന്നതിനാൽ റേറി വേഗത്തിൽ പ്രസിദ്ധനായി. റേറിയുടെ പ്രവർത്തന വിധം ഏതാണ്ട് താഴെപ്പറയുന്ന വിധമായിരുന്നു. ആദ്യം അയാൾ കുതിരയുടെ സമീപത്ത് ചെല്ലുമ്പോൾ പ്രത്യേകിച്ച് കാരണം ഒന്നും ഇല്ലാതെ കുതിര അയാളെ ഭയപ്പെട്ടിരുന്നു. യജമാനന്മാരുടെ പക്കൽനിന്നും സ്നേഹവും നിർദ്ദേശങ്ങളും സ്വീകരിക്കാൻ കുതിരകൾക്ക് കഴിയണം എന്നു മാത്രമേ റേറി ആഗ്രഹിച്ചിരുന്നുള്ളു. ഭൂതകാലത്തെ ഏതെങ്കിലും വേദനാജനകമായ, മോശപ്പെട്ട ഒരു അനുഭവത്തിന്റെ പേരിലാകാം മിക്കപ്പോഴും കുതിര മനുഷ്യരെ ഭയപ്പെടുന്നത്. ഇത്തരം ഭയം മൂലം അവയുടെ ഭാഗത്തുനിന്നും ആക്രമണപരമായ ഒരു പ്രതികരണം കൂടാതെ ആർക്കും കുതിരയുടെ അടുത്ത് ചെല്ലാൻ കഴിഞ്ഞിരുന്നില്ല. തന്മൂലം റേറി അടുത്തു ചെല്ലുമ്പോൾ കുതിരകൾ മുൻകാലുകൾ ആകാശത്തേക്കുയർത്തി ശബ്ദം ഉണ്ടാക്കുകയും സ്വയരക്ഷയ്ക്കായി അയാളെ ആക്രമിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കുതിരയുടെ ഒരു കാൽമുട്ട് മടക്കിക്കെട്ടി റേറി ആദ്യം അതിനെ മുടന്തനാക്കുന്നു. തുടർന്ന് ക്ഷീണിച്ച കുതിരയെ നിലത്ത് കിടക്കാൻ നിർബന്ധിക്കുകയും കുതിരയുടെ മർമ്മസ്ഥാനങ്ങളിൽ തന്റെ ശക്തി മുഴുവൻ പ്രയോഗിച്ച് അതിനെ അടങ്ങിക്കിടക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. അപ്പോൾ അദ്ദേഹത്തിന് കുതിരയുടെ അടുത്ത് അപകടം ഭയപ്പെടാതെ നിലയുറപ്പിച്ചുകൊണ്ട് അതിന്റെ ശരീരം മുഴുവൻ തലോടുവാൻ കഴിയുമായിരുന്നു. ഈ തലോടലിലൂടെ താൻ യാതൊരു വിധത്തിലും ഉപദ്രവിക്കാൻ വന്നതല്ലെന്നും മറിച്ച് സ്നേഹമേ ഉള്ളൂ എന്നുമുള്ള ഉറച്ച സന്ദേശമാണ് റേറി കുതിരയ്ക്ക് നൽകിയത്.



പൂർണ്ണമായും വിശ്വസിക്കാവുന്ന ഒരു വ്യക്തിയാണ് താനെന്നും സ്വയരക്ഷക്കായി പരാക്രമത്തിന്റെ ആവശ്യമില്ലെന്നും കുതിരയെ ധരിപ്പിക്കയാണ് റേറി ചെയ്തത്. ഈ കാര്യത്തിൽ വിസ്മയകരമാം വിധം റേറി വിജയിക്കുകയും ചുരുങ്ങിയ മണിക്കൂറുകൾക്കുള്ളിൽ എത്ര വിളറിപിടിച്ച കുതിരയും മെരുങ്ങുകയും ഉടമസ്ഥർക്ക് പ്രയോജനമുള്ളവയായിത്തീരുകയും ചെയ്തിരുന്നു. റേറിയുടെ വിജയഗാഥ അക്കാലത്തെ ആംഗലഭാഷാ നിഘണ്ടുവിൽ തന്റെ പേരിൽ ഒരു പുതിയ പദം കൂട്ടിച്ചേർക്കാൻ കാരണമായി എന്നത് ചരിത്രമാണ്. 'സ്നേഹം കൊണ്ട് കീഴടക്കുക.' 'സ്നേഹവും കരുണയും കൊണ്ട് ഒരു കുതിരയെ മെരുക്കിയെടുക്കുക' എന്നൊക്കെ അർത്ഥം വരുന്ന 'റേറിഫൈ' എന്ന ഇംഗ്ലീഷ് പദമാണ് അന്ന് നിഘണ്ടുവിൽ ചേർക്കപ്പെട്ടത്. ദൈവം ചിലപ്പോൾ നമ്മോട് ഇടപെടുന്ന വിധവുമായി മേല്പ്പറഞ്ഞ കാര്യത്തിന് വളരെ സാമ്യമുള്ളതായി ഞാൻ ചിന്തിച്ചുപോകാറുണ്ട്.

നമ്മിൽ പലർക്കും ദൈവത്തെ പേടിയാണ്. ദൈവത്തെ അനുസരിക്കാത്തവർ നിരവധിയാണ്. സന്തോഷകരമായ ജീവിതത്തിൽ രസംകൊല്ലിയായി എത്തുന്ന വ്യക്തിയായോ, നമ്മെ ഉപദ്രവിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന ആളായോ ഒക്കെ നാം ദൈവത്തെപ്പറ്റി ചിന്തിക്കുന്നു. നമ്മുടെ നില നില്പ്പിനുതന്നെ ഭീഷണി ഉയർത്തുന്നതാണ് ദൈവിക പദ്ധതികൾ എന്നുപോലും നാം ചിന്തിച്ചുപോയിട്ടുണ്ട്. ദൈവം നമ്മോട് അടുത്തുവരുമ്പോൾ നാം അകന്നുമാറുകയോ ചെറുത്തുനിൽക്കുകയോ ചെയ്യുന്നു. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ ദൈവത്തോട് നാം മറുതലിക്കുകയോ ദൈവത്തിൽ നിന്നു പലായനം ചെയ്യുകയോ ചെയ്യുന്നു. എന്നാൽ ദൈവത്തിന് നമ്മെ ഉപദ്രവിക്കാൻ യാതൊരുദ്ദേശ്യവുമില്ല. നമ്മുടെ ജീവിതത്തിൽ അത്യുത്തമമായതുമാത്രം ആഗ്രഹിക്കുന്ന സ്നേഹമുള്ള ഒരു പിതാവാണ് ദൈവം എന്ന് കാണിക്കാനാണ് യേശു ലോകത്തിലേക്ക് വന്നത്. തന്നോടൊപ്പം ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതം ധന്യമായിത്തീരുന്നതെന്ന് നന്നായി അറിയുന്ന ദൈവം നമ്മെ അന്വേഷിച്ചുവരികയും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ സ്വാർത്ഥതയാണ് ഇതിന് വിലങ്ങുതടി. ഭയവും, നിഗളവും, കോപവും, അനുസരണക്കേടും ഒക്കെക്കൊണ്ട് നാം ദൈവത്തെ അടുത്തുവരുവാൻ സമ്മതിക്കുന്നില്ല. തന്മൂലം ജോൺറേറി ചെയ്തതുപോലെ നമ്മെ ശാന്തരാക്കാൻ ദൈവം ചിലത് ചെയ്യാൻ നിർബന്ധിതനാകുന്നു. കാലുകൾ ബന്ധിക്കപ്പെട്ട കുതിരയെപ്പോലെ നാമും ക്രമേണ ദൈവത്തോടുള്ള ചെറുത്തുനിൽപ്പ് മതിയാക്കി നമ്മെപ്പറ്റിയുള്ള നല്ല ദൈവോദ്ദേശ്യങ്ങളെ കാണാൻ തുടങ്ങുകയും ചെയ്യുന്നു.

തുറക്കപ്പെടുമെന്ന് നാം കാത്തിരിക്കുന്ന ചില വാതിലുകൾ അടച്ചായിരിക്കും ചിലപ്പോൾ ദൈവം ആ പ്രവൃത്തി ചെയ്യുന്നത്. സ്വയത്തിൽ കേന്ദ്രീകൃതമായ ജീവിതത്തിൽ നിന്ന് നമ്മെ പുറത്തു കൊണ്ടുവരാൻ ചിലപ്പോൾ രോഗം വരാൻ അനുവദിക്കുന്നു. നമ്മുടെ സ്നേഹബന്ധങ്ങളിലോ ജോലിസ്ഥലത്തോ ഒക്കെ ചില ബുദ്ധിമുട്ടുകൾ വരാൻ അനുവദിക്കുക വഴി ലളിതമായ ഒരു സത്യം നമ്മെ ഗ്രഹിപ്പിക്കാനാണ് ദൈവം ശ്രമിക്കുന്നത്. " ഈ ജീവിതം നാം തനിയെ അല്ല ദൈവത്തോടൊപ്പമാണു നയിക്കേണ്ടത്. നമ്മുടെ സ്രഷ്ടാവിനോടുള്ള സ്നേഹബന്ധത്തിൽ ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതം സാർത്ഥമാകുന്നത്." ക്രിസ്തുവിനോട് ഏറ്റവും അടുത്തു ജീവിക്കാൻ പൗലോസിനെപ്പോലെയുള്ള ദൈവഭക്തനായ ഒരു മനുഷ്യനുപോലും ജഡത്തിൽ ഒരു ശൂലം ആവശ്യമായിരുന്നു. ഈ ദൈവമനുഷ്യൻ ഈ ശൂലം മാറിപ്പോകാൻ ദൈവത്തോട് യാചിച്ചെങ്കിലും ദൈവം വഴങ്ങിയില്ല. മറിച്ച് അവനോട് ദൈവം പറഞ്ഞു: "എന്റെ കൃപ നിനക്ക് മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" (2 കൊരി 12:9). തുടക്കത്തിൽ യാക്കോബ് ഉപായിയും സമർത്ഥനും സ്വന്തപദ്ധതികൾ ഉള്ളവനുമായിരുന്നു. ആ യാക്കോബ് എങ്ങനെയാണ് ഒടുവിൽ തന്റെ വടിയുടെ അറ്റത്തു ചാരിക്കൊണ്ടു നമസ്ക്കരിക്കുന്ന (എബ്രായർ 11:21) സൗമ്യനായി തീർന്നത്? ആട്ടെ, എവിടെ നിന്നാണ് യാക്കോബിന് ഈ വടി കിട്ടിയത്? ദൈവം അവന്റെ തുടയുടെ തടം തൊട്ട് അവനെ മുടന്തനാക്കി തീർത്തപ്പോൾ മുതൽ അവന് വടി അനിവാര്യമായിത്തീർന്നു. യാബോക്കു കടവിൽ അവന് അക്ഷരാർത്ഥത്തിൽ തന്നെ സംഭവിച്ച തകർച്ച ഒരു പ്രതീകമായി നമുക്കു കാണാം. അവന്റെ ജീവിതത്തിൽ ഉടനീളം സംഭവിച്ച അപ്രതീക്ഷിത തിരിച്ചടികളിലൂടെ ദൈവം ചെയ്തത് അവന്റെ ശക്തമായ ദേഹിയെ ബലഹീനമാക്കുകയായിരുന്നു. ഉവ്വ്, ഇതാണ് ദൈവത്തിന്റെ പോംവഴി. ശക്തമായ ദേഹിയുള്ള ഒരു വിശ്വാസിയെ നുറുക്കിയാൽ മാത്രമേ അവന്റെ ഉള്ളിലുള്ള ആത്മാവിനു മേൽക്കൈ ലഭിക്കുകയുള്ളു. അതുകൊണ്ടാണ് ദൈവം നുറുക്കത്തിന്റെ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നത്. ഒരുവന്റെ സ്വന്ത ബലത്തെ തകർക്കാൻ ദൈവം അവനെ ക്രൂശിലേക്കു നയിക്കുന്നു. ക്രൂശിലാണ് അവൻ തകർച്ച അറിയുന്നത്.

കൂടുതൽ കൃപയ്ക്കായും, ശക്തിക്കായും നാം ദൈവസന്നിധിയിലേക്ക് ഓടിച്ചെല്ലുന്ന മുഖാന്തരങ്ങളായി നമ്മുടെ ജഡത്തിലെ എല്ലാ 'ശൂലങ്ങളും' തീരട്ടെ എന്നാണ് എന്റെ പ്രാർത്ഥന. നാം കൂടുതൽ ബലഹീനരും പരിമിതപ്പെട്ടവരും എന്ന് തോന്നുമ്പോൾ, ദൈവകരങ്ങൾ അവിടെ കാണുക. ദൈവത്തോട് ആഴമായ ഒരു സ്നേഹബന്ധത്തിലേക്ക് കടന്നുവരാനുള്ള അവിടുത്തെ ക്ഷണമായി ആ സന്ദർഭങ്ങളെ ഉപയോഗിക്കുവാനും നമുക്ക് ഇടയാകട്ടെ.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# വിശ്വാസം പോരാ പ്രവർത്തിയും വേണം.



സ്വരാക്ഷരങ്ങൾമാത്രം ചേർത്തുവച്ച് അർത്ഥമുള്ള ഒരു പദമുണ്ടാക്കാൻ ഒരു ഭാഷയിലും സാധ്യമല്ല. എന്നിട്ടും ഹീബ്രുഭാഷയിലെ സ്വരാക്ഷര സ്വഭാവമുള്ള യ, ഹ, വ എന്നിവ ചേർത്തുവച്ചാണ് ബൈബിൾ ദൈവത്തിനു പേരിട്ടത്. ('അഎഇഉ' എന്നൊരു പേരിട്ടാൽ എങ്ങനെയിരിക്കുമെന്ന് ചിന്തിച്ചുനോക്കൂ). ആ വാക്ക് ഉച്ചരിക്കാൻ പാടില്ലെന്ന് ഒരു യഹൂദ പാരമ്പര്യവും ഉണ്ടായിരുന്നല്ലോ. അതുകൊണ്ടുതന്നെ ബൈബിൾ യഹോവയെ പരിചയപ്പെടുത്തുന്നത് അവിടുത്തെ ഒരു പ്രത്യേകമായ ചെയ്തി വിവരിച്ചാണ്: "ഞാൻ യഹോവയാണ്, ഈജിപ്തുകാർ ചുമത്തിയ ഭാരം നീക്കി നിങ്ങളെ ഞാൻ മോചിപ്പിക്കും. നിങ്ങളുടെ അടിമത്തത്തിൽ നിന്നും നിങ്ങളെ ഞാൻ സ്വതന്ത്രരാക്കും" (പുറപ്പാട് 6:6). യഹോവയുടെ സത്തയെന്നത് അടിമത്തത്തിന്റെ നുകം നീക്കുകയെന്ന പ്രവൃത്തിയാണ്. തന്റെ കുഞ്ഞിനെ സംരക്ഷിക്കാതെ ഒരാളും പിതാവെന്ന് വിളിക്കപ്പെടില്ലല്ലോ. അതുപോലെതന്നെ അടിമത്തത്തിനെതിരായി പ്രവർത്തിക്കാതെ യഹോവയ്ക്ക് യഹോവയാകാൻ പറ്റില്ല.

ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് എന്നത് ചില ദൈവികസത്യങ്ങളെക്കുറിച്ചുള്ള അറിവു മാത്രമാണ്. അടിമത്തത്തിനെതിരെ പ്രവർത്തിക്കുന്ന "ദരിദ്രർക്കും അഗതികൾക്കും നീതി നടത്തിക്കൊടുക്കുന്ന" (യിരെ. 22:16) ദൈവത്തെ നാം ഏതു രീതിയിലാണ് മനസ്സിലാക്കിയിരിക്കുന്നത്? യഹോവയ്ക്കു പ്രസാദമായ പ്രവർത്തി കുറെ അറിവുകൾ ശേഖരിക്കുന്നതും ഏറ്റുപറയുന്നതുമല്ല, യഹോവയുടെ സവിശേഷമായ പ്രവൃത്തികളിൽ ഏർപ്പെടുന്നതാണ്. ഈ യഹോവ ആവശ്യപ്പെടുന്ന ആരാധന ആയരക്കണക്കിനു മുട്ടാടുകളും പതിനായിരക്കണക്കിന് എണ്ണപുഴകളുമല്ല, നീതിയുടെ നിർവഹണവും കാരുണ്യം കാണിക്കലും ദൈവസന്നിധിയിൽ വിനീതഭാവം പുലർത്തലുമാണ് (മീഖ.6:2–8). "മറ്റൊരു ദൈവം നിങ്ങൾക്കുണ്ടാകരുത്" എന്ന കല്പനയുടെ അതേ കാർക്കശ്യത്തോടെ വേറൊരു കല്പനയും നല്കപ്പെടുന്നുണ്ട്: "നിങ്ങൾക്കിടയിൽ ദരിദ്രരുണ്ടാകരുത്" (ആവ. 15:4). ചരിത്രത്തിലെ വിമോചനപ്രക്രിയകളിലൂടെ സ്വയം അടയാളപ്പെടുത്തുന്നവനാണ് യഹോവ. ആ യഹോവ നിർബന്ധമായും ആവശ്യപ്പെടുന്നത് കൃത്യമായ മതാത്മകതയല്ല, നീതിക്കുവേണ്ടിയുള്ള കണിശമായ പ്രവർത്തനങ്ങളാണ്.


നസ്രായനായ യേശുവിന്റെ ജീവിതം ഇപ്പറഞ്ഞ കാഴ്ചപ്പാടിനും നിലപാടിനും ഏറെ തെളിമ നൽകുന്നുണ്ട്. "ദരിദ്രരോടു സുവിശേഷം പ്രഘോഷിക്കാൻ നിയോഗിക്കപ്പെട്ടവൻ" എന്നു പറഞ്ഞുകൊണ്ടാണ് അവിടുന്ന് സ്വയം പരിചയപ്പെടുത്തുന്നത്. ആ നിയോഗം അവിടുന്ന് നിർവ്വഹിച്ചത് "ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പട്ടവർക്കു സ്വാതന്ത്ര്യവും" നൽകിക്കൊണ്ടായിരുന്നല്ലോ (ലൂക്കോ. 4:18). അതായത്, സുവിശേഷത്തിന്റെ പ്രഘോഷണവും നീതിയുടെ നിർവ്വഹണവും രണ്ടും രണ്ടല്ല, ഒന്നുതന്നെയാണ്. ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശനം കിട്ടാൻ നിർബന്ധമായും ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്തിരിക്കണം (മത്താ. 7:21). ഏതാണ് ആ പ്രവൃത്തികൾ? ദാഹത്തിനു വെള്ളമോ, വിശപ്പിന് ആഹാരമോ, ഏകാന്തതയ്ക്കു സൗഹൃദമോ കൊടുക്കുക-(മത്താ. 25:31–46). നിത്യജീവൻ ലഭിക്കാൻ ചെയ്യേണ്ടതെന്ത് എന്ന യഹൂദന്റെ ചോദ്യത്തിനുത്തരം അവന്റെ തന്നെ മതത്തിലെ പുരോഹിതന്റെയോ കപ്യാരുടെയോ ചെയ്തികൾ ചെയ്യണമെന്നല്ല, പിന്നെയോ അന്യമതസ്ഥനായ ശമരിയാക്കാൻ ചെയ്തതുപോലുള്ള കാരുണ്യപ്രവൃത്തികൾ ചെയ്യണമെന്നാണ് (ലൂക്കോ. 10:25–37) ദൈവം ആഗ്രഹിക്കുന്നത്. അനുസരണവും ആരാധനയും മാത്രമല്ല, കാരുണ്യവും അനിവാര്യമാണെന്ന് യേശു രണ്ടു തവണയാണ് പഠിപ്പിച്ചത് (മത്താ.9:13, 12:17). യേശു മുമ്പോട്ടു വയ്ക്കുന്നത് കൃത്യമായ മതാത്മകതയാണെന്ന് സ്ഥാപിക്കാൻ നന്നായി പണിയെടുക്കേണ്ടിവരും. എന്നാൽ അവിടുത്തെ ആത്മീയത കാരുണ്യം കാണിക്കലാണെന്ന് ഏതൊരാൾക്കും എളുപ്പത്തിൽ തിരിച്ചറിയാനാകുന്നുമുണ്ട്.

ഈ യേശുവിന്റെ ഓർമ്മയുടെ ചുറ്റും ഒരുമിച്ചു കൂടിയ ആദിമ ക്രൈസ്തവരുടെ സമൂഹത്തെക്കുറിച്ചു നാം വായിക്കുന്നത് എന്താണ്? കൊടിയ ചൂഷണവും ദാരിദ്ര്യവും നിലനിന്നിരുന്ന കാലത്തും ലോകത്തുമാണ് അവർ ജീവിച്ചത്. എന്നിട്ടും അവർക്കിടയിൽ സാമ്പത്തിക അസമത്വം ഇല്ലായിരുന്നത്രേ (ആവ. 2:44–45). അപ്പോൾ, അപ്പം മുറിക്കൽ ശുശ്രൂഷ മാത്രമല്ല, കൃത്യമായ സാമ്പത്തികബന്ധം കൂടിയാണ് അവരുടെ സവിശേഷമായ അടയാളം. കൊരിന്ത്യർ ആചരിച്ച അപ്പം മുറിക്കൽ ശുശ്രൂഷ ക്രിസ്തുവിന്റെ ചൈതന്യത്തിനു നിരക്കുന്നതല്ലെന്ന് ഒരിക്കൽ പൗലോസ് ആരോപിക്കുന്നുണ്ട്. അതിനു കാരണം ശുശ്രൂഷയുടെ ആചരണത്തിൽ വന്ന ഏതെങ്കിലും തെറ്റല്ല, പ്രത്യുത വയറു നിറഞ്ഞിരിക്കുന്ന അവർക്കിടയിൽതന്നെ വിശക്കുന്ന ചിലരുണ്ട് എന്നതാണ് (1 കൊരി. 11:20–21). 'യഥാർത്ഥ ഭക്തി' യെന്നാൽ "അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരെ സഹായിക്കലാണ് (യാക്കോ. 1:27) എന്ന യാക്കോബിന്റെ കാഴ്ചപ്പാടിനെ പൗലോസിന്റെ നിലപാടിനോട് ചേർത്തു വായിക്കുക. ഇത്തരത്തിലുള്ള അനേകം പാഠങ്ങളുടെ സ്വാധീനം ഉള്ളതുകൊണ്ടാകണം സഭാചരിത്രത്തിലെ ആദ്യത്തെ സുന്നഹദോസിൽ എടുക്കപ്പെട്ട തീരുമാനങ്ങളിലൊന്ന് "ദരിദ്രരെ മറക്കാൻ പാടില്ല എന്നതായിരുന്നു (ഗലാ. 2:10). "ദൈവത്തെ സ്നേഹിക്കുക" എന്ന കല്പന പുതിയനിയമത്തിൽ വ്യക്തമായി കാണുന്നത് മത്താ. 19:19–ൽ ആണ്.

ബാക്കിയിടങ്ങളിലൊക്കെ "സ്നേഹ" മെന്നോ "സഹോദരസ്നേഹ" മെന്നോ ആണു പറയുന്നത്. "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്" എന്ന് 1 യോഹ. 4:8. അങ്ങനെ സ്നേഹിക്കുകയെന്നത് പുതിയനിയമത്തിന്റെ മഹാവാക്യമായി മാറുന്നു.

പറഞ്ഞതിന്റെ സാരം ഇത്രയേയുള്ളു: ദൈവസ്നേഹവും നീതിനിഷ്ഠമായ ജീവിതവും എന്നൊരു വേർതിരിവുപോലും ബൈബിൾ അനുസരിച്ച് ശരിയാകുന്നില്ല. ദൈവത്തെ അറിയുകയും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നതോടൊപ്പം സ്നേഹിക്കാനും കരുണ കാണിക്കാനും സാധിക്കണം.

നീതി നിർവ്വഹണവും കാരുണ്യം കാണിക്കലും പങ്കുവയ്ക്കലും പ്രാവർത്തികമാക്കാത്ത ഒരുവനും ദൈവത്തെ അറിയുകയും അനുഭവിക്കുകയും അനുസരിക്കുകയും ചെയ്യുന്നുവെന്ന് ഒരുനാളും പറയാൻ കഴിയുകയില്ല. □



# വ്യസനപുത്രന്മാർ

ടി.എം.വർഗ്ഗീസ് ഓതറ



### കഴിഞ്ഞലക്കം തുടർച്ച 6

### ലഭിച്ച അനുഗ്രഹവും ലഭിക്കാവുന്ന അനുഗ്രഹവും

സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും ക്രിസ്തുവിലൂടെ ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കയാണ് (എഫെ.1:3). ക്രിസ്തുയേശുവിലൂടെ ലഭ്യമാകുന്ന അനുഗ്രഹങ്ങൾക്കായി ഒരു കർമ്മപ്രവർത്തിയും ചെയ്യേണ്ടതില്ല, പിന്നെയോ വിശ്വാസമാണ് അതിന് ആധാരമായിരിക്കുന്നത്.

യേശു പറഞ്ഞു: മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും (മത്താ.6:33).

സകല നന്മകളുടെയും അനുഗ്രഹത്തിന്റെയും ഉറവിടം ദൈവമാണ്. അനുഗ്രഹങ്ങളും നന്മകളും ദൈവത്തിൽ നിന്നും മാത്രമാണ് വരുന്നതെന്ന് അനുഭവ വെളിച്ചത്തിൽ ഭക്തന്മാർ പറഞ്ഞിരിക്കുന്നത് നാം വിശ്വസിച്ച് ഏറ്റെടുക്കുവാൻ വേണ്ടിയാണ്. ചില തിരുവചന ഭാഗങ്ങൾ ഉദ്ധരിക്കുന്നത് ശ്രദ്ധിക്കുക:

'യഹോവേ... സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതൊക്കെയും നിനക്കുള്ളതല്ലോ. സകലവും നിങ്കൽ നിന്നല്ലോ വരുന്നത്; നിന്റെ കയ്യിൽനിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളു.' (1 ദിന.29:11–14).

'നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും' (സങ്കീ.23:6).

'ഞാൻ യഹോവയോടു പറഞ്ഞത്: നീ എന്റെ കർത്താവാകുന്നു, നീ ഒഴികെ എനിക്കു ഒരു നന്മയും ഇല്ല' (സങ്കീ. 16:2).

'എൻ മനമേ യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്' (സങ്കീ.103:2).

'യഹോവയെ ഭയപ്പെട്ട് അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ അനുഗ്രഹിക്കപ്പെടും... അവന്റെ സന്തതിയും തലമുറയും അനുഗ്രഹിക്കപ്പെടും... (സങ്കീ.112:1–3).

'യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും' (സങ്കീ.116:12).

ഭക്തനായ ഇയ്യോബ് പറയുന്നു: ദൈവത്തിന്റെ കയ്യിൽനിന്നു നന്മ കൈക്കൊള്ളുന്നു... യഹോവ തന്നു യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറകട്ടെ (ഇയ്യോ.1:21).

അനുഗ്രഹം പ്രാപിപ്പാനായി ദൈവം വെച്ചിരിക്കുന്ന വ്യവസ്ഥ: യഹോവയുടെ വാക്ക് ശ്രദ്ധയോടു കേട്ട് അവന്റെ കല്പനകൾ പ്രമാണിച്ചു നടക്കുക എന്നതാണ്. ദൈവമായ യഹോവയുടെ വാക്കു കേട്ടനുസരിച്ചാൽ ഈ അനുഗ്രഹങ്ങൾ എല്ലാം നിനക്കു ലഭിക്കും എന്നു പറഞ്ഞിട്ട് അനുഗ്രഹങ്ങളുടെ ഒരു വലിയ പട്ടിക തുടർന്നുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു (ആവ.28:1–13).

യഹോവയുടെ വാക്കു കേട്ടനുസരിച്ച അബ്രഹാമിനെ ദൈവം ഐശ്വര്യമായി അനുഗ്രഹിച്ചതിനെപ്പറ്റി വിശദീകരിപ്പാൻ തുനിയുന്നില്ല. ആത്മീകമായി ചിന്തിച്ചാൽ അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിലൂടെ വിശ്വാസത്താൽ ദൈവജനത്തിനും ലഭിക്കുന്നു എന്ന് തിരുവെഴുത്ത് വ്യക്തമാക്കുന്നു (ഗലാ. 3:7–9, 14).

പഴയനിയമത്തിലെപ്പോലെ ഭൗതിക അനുഗ്രഹം ദൈവത്തിന്റെ ദാനം എന്ന നിലയിൽ പുതിയനിയമത്തിൽ പറഞ്ഞിട്ടില്ലാ എന്നു നാം ഇതോടൊപ്പം മനസിലാക്കിയിരിക്കേണ്ടതാണ്. ആത്മീയ അനുഗ്രഹങ്ങൾക്കാണ് പുതിയനിയമത്തിൽ ഊന്നൽ നൽകിയിട്ടുള്ളത് (എഫേ.1:3; കൊലോ.3:1). പുതിയനിയമത്തിൽ അബ്രഹാമിന്റെ പ്രസക്തി എന്തെന്ന് മനസ്സിലാക്കിക്കൊണ്ടുവേണം അബ്രഹാമിന്റെ അനുഗ്രഹത്തെക്കുറിച്ച് ചിന്തിക്കുവാൻ.

അബ്രഹാമിന്റെ വിശ്വാസ ജീവിതം ക്രിസ്ത്യാനികൾക്ക് മാതൃകയായി പറഞ്ഞിരിക്കുന്നു. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു അത് നീതിയായി കണക്കിട്ടു എന്നത് കൃപയിലൂടെ രക്ഷ എന്ന ദൈവശാസ്ത്രത്തിന്റെ ആധാരശിലയാണ്. അബ്രഹാമിനു ലഭിച്ച അനുഗ്രഹം ക്രിസ്തുവിൽ നിവർത്തിയായി എന്ന് പൗലോസ് വ്യാഖ്യാനിക്കുന്നു (ഗലാത്യ. 3:8–14). പത്രോസ് തന്റെ ശ്രോതാക്കളായ യഹൂദരോട് അബ്രഹാമിന്റെ അനുഗ്രഹം അവർക്കുള്ളതാണെന്ന് പ്രസ്താവിക്കുന്നു. അ.പ്ര.3:25,26. യേശുവിൽ വിശ്വസിച്ച് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർക്ക് ലഭിക്കുന്നത് ഭൗതീക അനുഗ്രഹമല്ല. ദൈവരാജ്യം നൽകുന്ന സൗഭാഗ്യമാണ് (കൊലോ. 3:1; എഫേ.1:3; ലൂക്കോ.6:20–23; വെളി.1:3, 14:13). അനുഗ്രഹം ക്രിസ്തുവിനെ പിൻതുടരുന്നവരുടെ പ്രതിഫലമായി 1 പത്രോ. 3:9ൽ പറയുമ്പോൾ അന്ത്യന്യായവിധിയിൽ നിന്ന് വിടുതൽ പ്രാപിക്കുന്നവരുടെ ഭാഗ്യാവസ്ഥയാണ് അനുഗ്രഹം എന്ന് മത്താ.25:34 വ്യക്തമാക്കുന്നു(തുടരും).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ആത്മാവിന്റെ ദാരിദ്ര്യവും ഭ്രാന്തമായ ആർത്തിയും

**ജീ**വിതത്തെ ഭ്രാന്തമായ ആർത്തിയോടെ സമീപിക്കുന്ന ധാരാളം പേരുണ്ട്. പ്രപഞ്ചം മുഴുവനോടെ വിഴുങ്ങാനുള്ള തൃഷ്ണ അവർക്കുണ്ട്. ആത്മാവിന്റെ ദാരിദ്ര്യമാണ് ആർത്തിയായി പരിണമിക്കുന്നത്.

ജീവിതത്തിൽ ഒന്നുമായില്ല, ആരുമായില്ല എന്ന് മായാമരീചികകളുടെ കനൽവഴികളിൽ ഇടറി വീണ് വ്യസനിക്കുന്നവർ അധികമാണ്. ജീവിതം എന്നത് 10 ശതമാനം നമ്മുടെ സൃഷ്ടിയും 90% നമ്മുടെ നിലപാടും ആണ് എന്ന് പറയാറുണ്ട്. എവിടെയെത്തി എന്നതിന് പ്രസക്തിയില്ല, നിലപാടാണ് പ്രധാനം. സാമ്രാജ്യങ്ങൾ സ്ഥാപിക്കാത്ത, നിരപരാധികളുടെ രക്തം ചിന്താത്ത, നഗരങ്ങളെ തച്ചുതകർക്കാത്ത, വനകുസുമം പോലെ നിശബ്ദമായി മാഞ്ഞു മറഞ്ഞുപോവുന്ന സാധാരണ ഗ്രാമീണരെക്കുറിച്ച് തോമസ് ഗ്രേ എഴുതുന്നു, അവരുടെ ജീവിതമാണ് യഥാർത്ഥത്തിൽ ഏറെ ധന്യം. സംതൃപ്തിയോടെ സ്വന്തം കടമകൾ നിർവ്വഹിക്കുകയും അതിൽ ആനന്ദം കൊള്ളുകയും ചെയ്യുന്നയാൾ ഭാഗ്യവാനാണ്; അയാളുടെ പേര് ജലരേഖപോലെ മാഞ്ഞ് മറഞ്ഞുപോയാലും വ്യസനിക്കാനൊന്നും ഇല്ല. നിശബ്ദമായ മലഞ്ചെരുവിൽ സ്വയം മറന്നു പാടുന്ന ഏകാകിനിയായ കൊയ്ത്തുകാരിയെക്കുറിച്ച് മഹാനായ വേഡ്സ്വർത്ത് വശ്യമായ ഗൃഹാതുരത്വത്തോടെയാണ് എഴുതുന്നത്.



ജനപഥങ്ങളെ വിറപ്പിക്കുകയും കോട്ടകൊത്തളങ്ങൾ നിർമ്മിക്കുകയും ചെയ്തവരോ? മഹാനായ സൈറസിന്റെ ശവകുടീരത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു; ഹേ യാത്രക്കാരാ നിങ്ങൾ എങ്ങുനിന്നു വന്നവനോ എവിടേക്ക് പോകുന്നവനോ ആവട്ടെ, ബൃഹത്തായ പേർഷ്യാ സാമ്രാജ്യം സ്ഥാപിച്ച സൈറസ് ചക്രവർത്തിയാണ് ഞാൻ. ഇന്നെനിക്ക് സ്വന്തമായുള്ള ഒരു പിടി മണ്ണിന്റെ പേരിൽ എന്നോട് അസൂയപ്പെടരുതേ.

ഓസിമാൻഡ്യാസ് ചക്രവർത്തിയുടെ തകർന്നടിഞ്ഞുപോയ പ്രതിമയുടെ ചുവട്ടിലെ അടിക്കുറിപ്പ്: "രാജാക്കന്മാരുടെ രാജാവായ ഓസിമൻഡിയാസാണ് ഞാൻ. ചുറ്റും കാണുന്ന എന്റെ നേട്ടങ്ങൾ കണ്ട് നിങ്ങൾ അസൂയപ്പെടുവിൻ." ഇന്ന് ചുറ്റും കാണാനുള്ളതോ പ്രേതഭൂമിപോലെ വിജനമായ സഹാറാ മരുഭൂമിയും. നേട്ടങ്ങളിലൊന്നും കാര്യമില്ല, ശരിയായ നിലപാടാണ് പ്രധാനം.

ലോകം ഒരു പാലമാണ്, അതിൽ നിങ്ങൾ കൂടാരം പണിയരുത് എന്ന് യേശുക്രിസ്തു പറഞ്ഞിട്ടുള്ളതായി ഫത്തേപ്പൂർസിക്രിയുടെ പടിവാതിൽക്കൽ അക്ബർ ചക്രവർത്തി കുറിച്ചുവച്ചിട്ടുള്ളതായി ഹോൾഗർ കേഴ്സ്റ്റൺ രേഖപ്പെടുത്തിയിരിക്കുന്നു. ബൈബിളിൽ പറയാത്ത ഈ വാചകം അക്ബറിന് എവിടെ നിന്ന് കിട്ടി എന്നത് ഒരു ചരിത്ര കൗതുകമാണ്. പക്ഷേ വഴി ലക്ഷ്യമാണെന്ന് ഭ്രമിച്ച് അവിടെ ചേക്കാറാൻ ശ്രമിക്കുന്ന അധികാരമോഹികൾക്കുള്ള കാലാതിശായിയായ മറുപടി കൂടിയാണ് ആ വാചകം. മാർഗ്ഗം ലക്ഷ്യമായിത്തീരുന്നവർക്ക് ഈ ഭൂമി വിട്ട് പോകാൻ കഴിയില്ല. എല്ലാ കെട്ടുപാടുകളിൽ നിന്നും മോചനം നേടി നിസ്വനായി, നിസംഗനായി ഇവിടെ നിന്ന് വിടചൊല്ലി പോകാൻ കഴിയണം. അതുകൊണ്ടുതന്നെ ഇന്ന് ജീവനകലയല്ല. ജീവൻ മുക്തി കലയാണ് ജനത്തെ പഠിപ്പിക്കേണ്ടത്.

ബഹുഭൂരിപക്ഷം നഗരവാസികളേയും മഥിക്കുന്ന ഒരു വികാരമാണ് ആധി. കുട്ടികൾ നന്നായി വളരുമോ, നല്ലജോലി കിട്ടുമോ, തനിക്ക് ജോലി നഷ്ടപ്പെടുമോ, ജോലിക്കയറ്റം കിട്ടുമോ, ആരോഗ്യം ക്ഷയിക്കുമോ, സൗന്ദര്യം കുറയുമോ, എന്തെല്ലാം ആധികൾ. ഇങ്ങനെ ആധിയുള്ള ഒരു എഞ്ചിനീയറിംഗ് ബിരുദധാരി കഴിഞ്ഞ ദിവസം ഇത് എഴുതുന്നയാളെ വിളിച്ചു. ജോലിയൊന്നും ശരിയാകുന്നില്ല, ഇന്റർവ്യൂവിൽ ശോഭിക്കാൻ കഴിയുന്നില്ല, എന്തു ചെയ്യണം എന്നതാണ് പ്രശ്നം. ഭയമില്ലാതെ, ആധിയില്ലാതെ അനായാസമായി ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ഞാൻ പറഞ്ഞു. പരമാവധി സംഭവിക്കാവുന്നത് അവർ ജോലി തരില്ല എന്നതുമാത്രമാണ്. അവർ തൂക്കിലേറ്റുകയില്ല, തുറുങ്കിലടക്കില്ല, ഒന്നും ചെയ്യില്ല. ഇന്റർവ്യൂ ചെയ്യുന്നവരും ചെയ്യപ്പെടുന്നവരും വെറും മനുഷ്യർ മാത്രമാണ്, വലിയവരുമല്ല ചെറിയവരുമല്ല. ഈ ആധിയില്ലായ്മ എന്ന തന്ത്രം ഫലിച്ചു, അയാൾക്ക് പ്രമുഖമായ ഒരു ഐടി കമ്പനിയിൽ തന്നെ ജോലി ലഭിച്ചു. പരമാവധി ജീവിതത്തിൽ സംഭവിക്കാനുള്ളത് ജീവനില്ലാതായിത്തീരുക എന്നതുമാത്രമാണ്. ജീവിതത്തിന്റെ ഏക അനിവാര്യതയും അത് മാത്രമാണ്; അതെന്നെങ്കിലും സംഭവിച്ചേ തീരു. ആധികൊണ്ട്, സംഭവിക്കാൻ പോകുന്ന യാതൊന്നിനേയും വ്യത്യാസപ്പെടുത്താനും കഴിയില്ല. എല്ലാ ഇന്നുകളും ഇന്നലെ നമ്മൾ ഭയപ്പെട്ടിരുന്ന നാളകളാണ്, ഹതോവ പ്രാപ്‌സ്യസി സ്വർഗ്ഗം ജിത്വാവാ ഭോക്ഷ്യസേ മഹിം എന്നതായിരിക്കണം നയം.

കിട്ടിയതുകൊണ്ടൊന്നും തൃപ്തിപ്പെടാത്ത തൃഷ്ണയാണ് പാപം. ഹവ്വാ വിലക്കപ്പെട്ട കനി പറിച്ചുതിന്നത് വിശപ്പു സഹിക്കാഞ്ഞിട്ടല്ല; ഇതുകൂടി വിഴുങ്ങിയാലേ തൃപ്തി വരൂ എന്നു വിചാരിച്ച അടക്കമില്ലാത്ത കാമമായിരുന്നു അവളുടേത്; അതാണ്, അന്യന് ഒന്നും കിട്ടാതാകത്തക്കവിധം എല്ലാം സ്വന്തമാക്കണമെന്ന സ്വാർത്ഥതയായി പടരുന്നത്; അതാണ് ദൈവപ്രസാദം നേടിയ സഹോദരന്റെ രക്തത്തിനുവേണ്ടി ദാഹിച്ചത്; അയൽവക്കക്കാരന്റെ മുന്തിരിത്തോപ്പ് കൊള്ളാമല്ലോ എന്ന് കണ്ട് ഉറക്കം നശിച്ചത്! ഇവിടെ നിന്നാണ് മനുഷ്യന് മോചനം വേണ്ടത്. ഇവിടെ നിന്നാണ് എനിക്ക് എന്റെ സഹോദരന്റെ കാവൽക്കാരനായി മാറേണ്ടത്. അതിനുള്ള വഴിയാണ് യേശുവിന്റെ വഴി. ആ വഴി അവസാനിക്കുന്നത് കുരിശിലാവാം; പക്ഷേ, ആ വഴിക്ക് നടക്കുന്നവന്റെ ജീവിതം കുരിശിൽ ഒതുങ്ങുന്നില്ല എന്നാണ് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് വ്യക്തമാക്കുന്നത്. ○

# ആത്മാവിനെ പണയപ്പെടുത്താത്തവർ



**1909** മുതൽ 1934 വരെ ബെൽജിയത്തിലെ രാജാവായിരുന്നു ആൽബർട്ട് ഒന്നാമൻ (1875-1934). ലെയോപോൾഡ് രണ്ടാമൻ രാജാവിന്റെ ഇളയസഹോദരനായിരുന്ന ഫിലിപ് രാജകുമാരനായിരുന്നു ആൽബർട്ട് ഒന്നാമന്റെ പിതാവ്. ലെയോപോൾഡ് രണ്ടാമന്റെ പുത്രനും ആൽബർട്ടിന്റെ മൂത്ത സഹോദരനും ചെറുപ്രായത്തിൽത്തന്നെ മരിച്ചുപോയതുകൊണ്ട് പതിനാറാം വയസിൽ ആൽബർട്ട് തന്റെ പിതാവിനു പിന്നാലെയുള്ള കിരീടവകാശിയായി പ്രഖ്യാപിക്കപ്പെട്ടു. അതേത്തുടർന്ന് ആൽബർട്ട് രാജ്യഭരണത്തിനായി തന്നെത്തന്നെ ഒരുക്കി. ആ ഒരുക്കത്തിന്റെ ഭാഗമായിട്ടായിരുന്നു തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ നേരിട്ടു മനസിലാക്കാനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വേഷപ്രച്ഛന്നനായി അദ്ദേഹം സഞ്ചരിച്ചത്.

ജനങ്ങൾക്ക് എന്നും പ്രിയങ്കരനായിരുന്ന ആൽബർട്ട് രാജാവ് ഒന്നാം ലോകമഹായുദ്ധത്തോടെ ജനങ്ങളുടെ ഹീറോ ആയി മാറി. അതിനു കാരണം ആദർശത്തിലുറച്ചുനിന്ന അദ്ദേഹത്തിന്റെ തീരുമാനങ്ങളും പ്രവർത്തനങ്ങളുമായിരുന്നു. ഒന്നാം ലോക മഹായുദ്ധത്തിന്റെ ആരംഭത്തിൽ ബ്രിട്ടന്റെ സഖ്യകക്ഷിയായ ഫ്രാൻസിനെ ആക്രമിക്കാൻ ജർമൻ ചക്രവർത്തിയായിരുന്ന വില്യം രണ്ടാമൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ജർമ്മൻ സേനയ്ക്കു ഫ്രാൻസിലേക്ക് കടക്കാനുള്ള വഴി ബൽജിയം നൽകണമെന്നു ചക്രവർത്തി ആവശ്യപ്പെട്ടു. എന്നാൽ, ബൽജിയത്തിലൂടെ ജർമൻ പടയാളികളെ കടത്തിവിടാൻ ആൽബർട്ട് രാജാവ് തയാറായില്ല.

അതിനു പ്രധാന കാരണം 1839-ൽ യൂറോപ്പിലെ പ്രമുഖരാജ്യങ്ങളുമായി ബൽജിയം ഒപ്പുവച്ച ഉടമ്പടിയായിരുന്നു. ആ ഉടമ്പടി അനുസരിച്ച് ഉടമ്പടിയിൽ ഒപ്പുവച്ച രാജ്യങ്ങൾ തമ്മിൽ യുദ്ധമുണ്ടായാൽ ആ യുദ്ധത്തിൽ നിഷ്പക്ഷത പാലിക്കാൻ ബൽജിയം കടപ്പെട്ടിരുന്നു. ഉടമ്പടി അനുസരിച്ച് ബൽജിയം നിഷ്പക്ഷ നിലപാട് സ്വീകരിച്ച് ജർമൻ സേനയ്ക്ക് ബൽജിയത്തിലൂടെ വഴി നിഷേധിച്ചപ്പോൾ ജർമനി ബൽജിയത്തെ ആക്രമിച്ചു. അപ്പോൾ നിയമപ്രകാരം ആൽബർട്ട് രാജാവ് ബൽജിയം സൈന്യത്തിന്റെ നിയന്ത്രണം ഏറ്റെടുത്ത് ജർമനിയോട് യുദ്ധം ചെയ്യാൻ തയാറായി. ഈ യുദ്ധത്തിൽ ബൽജിയത്തിന്റെ 90 ശതമാനം ഭൂപ്രദേശവും ജർമനിയുടെ നിയന്ത്രണത്തിലായി. ബാക്കി പത്തുശതമാനംവരുന്ന പ്രദേശത്തിന്റെ അധിപനായിട്ടായിരുന്നു ആൽബർട്ട് രാജാവ് യുദ്ധം തുടർന്നത്. ബ്രിട്ടന്റെയും ഫ്രാൻസിന്റെയുമൊക്കെ സഹായത്തോടെ അവസാനം ബൽജിയം വിജയിച്ചെങ്കിലും നാലുവർഷക്കാലം ആൽബർട്ട് രാജാവ് മാത്രമല്ല അദ്ദേഹത്തിന്റെ ഭാര്യ എലിസബത്ത് രാജ്ഞിയും യുദ്ധമുഖത്തുണ്ടായിരുന്നു. പട്ടാളക്കാരെ ശുശ്രൂഷിക്കുന്ന നഴ്സായിട്ടായിരുന്നു അപ്പോൾ എലിസബത്ത് രാജ്ഞി അവിടെ പ്രവർത്തിച്ചത്.

ആൽബർട്ട് രാജാവിന് അദ്ദേഹത്തിന്റെ രാജ്യത്തിന്റെ 90 ശതമാനവും നഷ്ടപ്പെട്ടപ്പോൾ 'പഞ്ച്' എന്ന പ്രസിദ്ധമായ ഫ്രഞ്ച് മാസികയിൽ അദ്ദേഹത്തെ സംബന്ധിച്ച ഒരു കാർട്ടൂൺ വന്നു. ആ കാർട്ടൂണിലെ രണ്ടു കഥാപാത്രങ്ങളിലൊന്ന് ജർമൻ ചക്രവർത്തിയായ വില്യം രണ്ടാമനും മറ്റൊന്ന് ആൽബർട്ട് രാജാവുമായിരുന്നു.

ജർമൻ ചക്രവർത്തി ബൽജിയത്തിന്റെ രാജാവായ ആൽബർട്ടിനോട് പറയുന്നതാണ് കാർട്ടൂണിന്റെ അടിക്കുറിപ്പിന്റെ ഒന്നാംഭാഗം. അതിപ്രകാരമാണ്, 'കണ്ടില്ലേ, നിനക്ക് എല്ലാം നഷ്ടപ്പെട്ടു!' അപ്പോൾ ആൽബർട്ട് രാജാവ് പറയുന്ന മറുപടിയാണ് അടിക്കുറിപ്പിന്റെ രണ്ടാം ഭാഗം. അതിപ്രകാരമാണ്, 'ഇല്ല. എന്റെ ആത്മാവ് എനിക്ക് നഷ്ടപ്പെട്ടിട്ടില്ല.'

ജർമനിയോടു ചേർന്നു നിന്നിരുന്നുവെങ്കിൽ ആൽബർട്ട് രാജാവിന് അന്നു തന്റെ രാജ്യം നഷ്ടപ്പെടുകയില്ലായിരുന്നു. എന്നാൽ, ആദർശം വെടിഞ്ഞ് പ്രവർത്തിക്കാൻ അദ്ദേഹം തയാറായില്ല. ജർമൻ ചക്രവർത്തിയായിരുന്ന വില്യം രണ്ടാമൻ ആൽബർട്ട് രാജാവിന്റെ ബന്ധുവായിരുന്നു. എങ്കിൽപോലും ആ ബന്ധത്തിന്റെ പേരിൽ ആദർശം വിട്ട് തൻകാര്യ ലാഭത്തിനായി പ്രവർത്തിക്കാൻ അദ്ദേഹം വിസമ്മതിച്ചു. അതുകൊണ്ടുകൂടിയാണ് യുദ്ധാവസാനം വിജയശ്രീലാളിതനായി അദ്ദേഹം തിരിച്ചെത്തിയപ്പോൾ ഒരു ഹീറോയുടെ സ്വീകരണം ബൽജിയത്തിലെ ജനങ്ങൾ അദ്ദേഹത്തിനു നൽകിയത്.

സ്വന്തം ജനങ്ങൾ മാത്രമല്ല, ശത്രുക്കളായ ജർമൻ പടയാളികളും അദ്ദേഹത്തെ ഏറെ ആദരിച്ചിരുന്നതായാണ് ചരിത്രം പറയുന്നത്. യുദ്ധമുന്നണിയിൽ നേരിട്ട് യുദ്ധം നിയന്ത്രിച്ചിരുന്ന അദ്ദേഹത്തിനു നേരേ വെടിവയ്ക്കാൻ അവർക്കു പല അവസരം ലഭിച്ചിട്ടും അത് അവർ ചെയ്തില്ലത്രേ. അതിനു കാരണം സ്വന്തം ആത്മാവിനെ പണയപ്പെടുത്താത്ത ആദർശധീരനാണ് അദ്ദേഹമെന്ന് അവർക്ക് അറിയാമായിരുന്നതിനാലാണ്.

കാര്യലാഭത്തിനും തൻകാര്യനേട്ടത്തിനുമായി നമ്മുടെ ആത്മാക്കളെ പണയപ്പെടുത്താത്തവരാണോ നമ്മൾ? എങ്കിൽ നമുക്ക് സ്വയം അഭിമാനിക്കാനാവും. അതുപോലെ, മറ്റുള്ളവർ നമ്മെക്കുറിച്ച് അഭിമാനംകൊള്ളുകയും നമ്മെ ആദരിക്കുകയും ചെയ്യും. എന്നാൽ ഏതു കാര്യത്തിനുവേണ്ടിയാണെങ്കിൽപ്പോലും നമ്മുടെ ആത്മാവിനെ പണയപ്പെടുത്തുന്നവരാണ് നാമെങ്കിൽ നമ്മുടെ സ്ഥിതി അതിദയനീയമെന്നേ പറയാനാവൂ. കാരണം, നമുക്ക് പിന്നെ അഭിമാനിക്കാൻ എന്താണു വകയുള്ളത്?

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**ഭൂമിയിൽ യേശു "മനുഷ്യനും മനുഷ്യപുത്രനും" ആയിരിക്കെ മശിഹയും ക്രിസ്തുവും കർത്താവും ആകുന്നതെങ്ങനെ? വിശന്നു, ദാഹിച്ചു തുടങ്ങി മനുഷ്യത്വത്തിന്റെ ബലഹീനതകളും ക്രൂശിലെ പരാജയവുമല്ലേ ഭൂമിയിലെ യേശുവിൽ ദർശിക്കുന്നത്? യേശുവും ക്രിസ്തുവും രണ്ട് ദൗത്യമാണെന്നും ഭൂമിയിൽ ക്രിസ്തുവും ക്രിസ്തുവിന്റെ ദൗത്യവും ഇല്ലാത്തതുപോലെ, സ്വർഗ്ഗത്തിൽ യേശുവും യേശുവിന്റെ ദൗത്യങ്ങളും ഇല്ല. യേശുവും ക്രിസ്തുവും രണ്ട് പായ്ക്കേജാണെന്ന റെയിസൺ തോമസിന്റെയും എം.എ.വർഗ്ഗീസിന്റെയും വിശദീകരണങ്ങൾ Youtube-ൽ ശ്രദ്ധിക്കുക. ഇതിനു മറുപടിയായി പാസ്റ്റർ ഫിലിപ്പ് പി. തോമസ് പറഞ്ഞതിനപ്പുറമായി ടൈറ്റസ് കാർത്തികപ്പള്ളിയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ എന്നാണ് അറിയേണ്ടത്.**

**– പാസ്റ്റർ ജെറി വർഗ്ഗീസ്, കരിസ്മ, അനക്കുടി, ബാംഗ്ലൂർ**

അക്ഷരാഭ്യാസമില്ലാത്ത അദ്ധ്യാപകരെപ്പോലെ വചന പരിജ്ഞാനമില്ലാത്ത ഉപദേഷ്ടാക്കന്മാരുടെ വിവരക്കേടിന് ഒരറുതിയുമില്ല. ഒരു മനുഷ്യന്റെ പേര് തോമസ് ചാണ്ടി എന്നാണെന്നു വയ്ക്കുക. ഈ തോമസിനെ നാട്ടിൽ തോമാച്ചൻ എന്നാണ് വിളിക്കുന്നത്. അയാളുടെ പിതാവിന്റെ പേര് ചാണ്ടി. അതായത് ചാണ്ടിയുടെ മകനാണ് തോമസ്. ഭാര്യയും രണ്ടുകുട്ടികളുമുള്ള കുടുംബം. കുട്ടികൾക്ക് തോമാച്ചൻ പിതാവും, ഭാര്യ ഗ്രേസിക്ക് അയാൾ ഭർത്താവുമാണ്. ഒരു സ്ഥാപനത്തിന്റെ ഉടമയും ഡയറക്ടറുമാണ് തോമാച്ചൻ. ഒരാൾ ചോദിക്കുകയാണ് തോമാച്ചൻ എങ്ങനെ തോമസ് ചാണ്ടിയാകും. ചാണ്ടിയുടെ മകനായിരിക്കെ തോമാച്ചൻ എങ്ങനെ പിതാവാകും. പിതാവാണെങ്കിൽ എങ്ങനെ ഭർത്താവാകും. മകനെങ്ങനെ ഉടമസ്ഥനും ഡയറക്ടറും ആകും. ഇതുപോലെ ഉന്നയിച്ച ചോദ്യം അപ്രസക്തമാണെങ്കിലും വിവരക്കേട് വ്യാപകമായ നിലയിൽ പ്രചരിക്കുന്നതിനാൽ മറുപടി പറയാതെ നിവർത്തിയില്ല.

യേശു എന്നത് വ്യക്തി നാമവും ക്രിസ്തു എന്നത് ഔദ്യോഗികനാമവും കർത്താവ് എന്നത് ഔദ്യോഗിക പദവിയും ആണെന്ന് വേണമെങ്കിൽ പറയാം. മനുഷ്യപുത്രൻ എന്ന പദം നാല്പതു പ്രാവശ്യം സുവിശേഷങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതായി കാണാം. ദാനിയേൽ 7:13,14-ൽ പറഞ്ഞിരിക്കുന്ന മനുഷ്യപുത്രനെ ആധാരമാക്കി, മനുഷ്യപുത്രൻ എന്ന നാമത്താൽ മഹത്വവും രാജ്യവും പ്രാപിപ്പാൻ പോകുന്ന മനുഷ്യത്വത്തെ സൂചിപ്പിക്കുന്നതോടൊപ്പം പീഡ അനുഭവിക്കുന്ന പ്രതിപുരുഷൻ എന്ന അർത്ഥവും ആ നാമത്തിൽ അന്തർഭവിച്ചിട്ടുണ്ട്. മനുഷ്യപുത്രൻ എന്ന നാമം പൊതുവായി മനുഷ്യത്വത്തെ കുറിക്കുന്നുണ്ടെങ്കിലും കഷ്ടതകളാൽ തേജസ്ക്കരിക്കപ്പെടുന്നവൻ എന്നുള്ള അർത്ഥം മനുഷ്യപുത്രൻ എന്ന നാമത്തിൽ അനുക്രമമായി പ്രകാശിച്ചു കാണുന്നു.



ദൈവപുത്രൻ എന്നത് മശിഹാ എന്ന അർത്ഥത്തിലാണ് വേദപുസ്തകത്തിൽ പല ഭാഗത്തും പ്രയോഗിച്ചിട്ടുള്ളത്. തിരഞ്ഞെടുക്കപ്പെട്ട ജനത്തിനും അവരെ ഭരിച്ച് അവരുടെ പ്രതിപുരുഷനായിരിപ്പാൻ യഹോവയാൽ നിയുക്തനായ രാജാവിനും ദൈവപുത്രൻ എന്ന നാമം നൽകപ്പെട്ടിരിക്കുന്നു. പിതാവിന്റെ മഹത്വത്തിനും അധികാരത്തിനും അവകാശിയും പിതാവിന്റെ സ്നേഹത്തെ അനുഭവിക്കുന്നവനുമാണ് പുത്രൻ എന്ന് സാമാന്യനിലയിൽ നമുക്ക് ചിന്തിക്കാവുന്നതാണ്.

മശിഹ അഥവാ ക്രിസ്തു എന്ന നാമം യഹൂദന്മാർക്ക് സുപരിചിതമാണ്. 2-ാം സങ്കീർത്തനം ഇത് വ്യക്തമാക്കുന്നുണ്ടല്ലോ. സങ്കീ.2:2-ൽ കാണുന്ന അഭിഷിക്തൻ എന്ന പദം മൂലഭാഷയിൽ മശിഹാ എന്നും യവന ഭാഷാന്തരത്തിൽ ക്രിസ്തു എന്നുമാണ്. ദൈവരാജ്യ നേതാവ് അഥവാ വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ പുതിയ രാജാവ് എന്നാണ് അക്കാലത്ത് ഈ പദത്തിന്റെ അർത്ഥം. യേശു ആ പേര് ഉപയോഗിച്ചപ്പോൾ അതിന്റെ അർത്ഥം തന്റെ ഉപദേശത്താൽ നവീകരിച്ച് ആദ്ധ്യാത്മിക രക്ഷയെ പ്രദാനം ചെയ്യുന്നവനാണ് മശിഹാ എന്ന് വ്യക്തമാക്കി. റോമിനെ തോൽപ്പിച്ച് യഹൂദന്മാരുടേതായ ഒരു സാമ്രാജ്യം സ്ഥാപിക്കുന്ന ലൗകീകനായ ഒരു ചക്രവർത്തിയായി മശിഹായെ വിഭാവന ചെയ്തിരുന്ന പൊതുജനത്തിന് ആശയക്കുഴപ്പം ഉണ്ടാകാതിരിക്കാനാണ് താൻ മശിഹായാണെന്ന യാഥാർത്ഥ്യം യേശു തന്റെ ഐഹീക ജീവിതത്തിന്റെ ആരംഭത്തിൽ വെളിപ്പെടുത്താതിരുന്നത്. ഇത് സംബന്ധിച്ച് പത്രോസ് ചെയ്ത പ്രഖ്യാപനത്തെ യേശു പ്രശംസിച്ചു എങ്കിലും താൻ മശിഹായാണെന്ന് പരസ്യമായി പ്രസ്താവിച്ചത് കയ്യാഫായുടെ മുന്നിൽ വച്ചാണ്. യോഹന്നാൻ സ്നാപകന്റെ ചോദ്യത്തിന് യേശു കൊടുത്ത ഉത്തരം (മത്താ.11:2-6) ശ്രദ്ധിച്ചാൽ മശിഹായുടെ വേല എന്താണെന്ന് കാണാം. മശിഹാ എന്ന പഴയ പേരിന് യേശു പുതിയതും ഉൽകൃഷ്ടവുമായ അർത്ഥം കൽപ്പിച്ചു എങ്കിലും പ്രവാചകന്മാർ മശിഹായെക്കുറിച്ച് എന്തെല്ലാം പറഞ്ഞിരുന്നുവോ അവയെല്ലാം അവിടുന്ന് നിവർത്തിച്ചു.

ആദിമസഭയുടെ അടിസ്ഥാന വിശ്വാസപ്രഖ്യാപനം 'യേശുക്രിസ്തു കർത്താവ്' എന്നായിരുന്നു (ഫിലി.2:11). ഈ വിശ്വാസത്തിന്റെ മൂലരൂപം സുവിശേഷങ്ങളിൽ 'യേശുക്രിസ്തു' (മർക്കോ.8:29), 'ദൈവത്തിന്റെ ക്രിസ്തു' (ലൂക്കോ. 9:20), ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു (മത്താ.16:16), 'യേശു ദൈവപുത്രനായ ക്രിസ്തു' (യോഹ.20:31) എന്നിങ്ങനെ നാം വായിക്കുന്നു. സുവിശേഷ രചയിതാക്കൾ ഉൾപ്പെട്ടിരുന്ന വിശ്വാസസമൂഹത്തിന് യേശുവിലുള്ള പ്രഖ്യാപിത വിശ്വാസത്തിന്റെ കരടുരൂപമാണ് സുവിശേഷങ്ങൾ. എന്നാൽ വിജാതീയ പശ്ചാത്തലത്തിലേക്ക് നീങ്ങിയ വിശ്വാസസമൂഹത്തിൽ യേശുവിനെ 'ക്രിസ്തു' എന്നു മാത്രമല്ല 'കർത്താവ്' എന്നും സംബോധന ചെയ്തുവന്നു.

പഴയനിയമത്തിൽ ദൈവത്തെ 'യാഹ്വെ' (യഹോവ) എന്നു ജനം ഏറ്റുപറഞ്ഞു. ദൈവത്തിന് മാത്രം ഉപയോഗിച്ചിരുന്ന പദമാണ് അദോനായ് (കുറിയോസ്) അഥവാ കർത്താവ് എന്ന വാക്ക്. ഈ പേര് യേശുവിന് എങ്ങനെ ലഭിച്ചു എന്ന് ചിന്തിക്കാം. ആദിമ സഭയെ പീഡിപ്പിച്ചതിനുള്ള ഒരു കാരണം വിശ്വാസികൾ റോമൻ കൈസരെ കർത്താവ് (കുറിയോസ്) എന്ന് സംബോധന ചെയ്യുവാൻ വിസമ്മതിച്ചതായിരുന്നു. യാഹ്വെക്കു മാത്രം ഉപയോഗിച്ചിരുന്ന കുറിയോസ് എന്ന സംജ്ഞ കൈസർക്കു നൽകുവാൻ വിശ്വാസികൾക്കു മനസ്സായില്ല. ചക്രവർത്തിയെ കുറിയോസ് എന്ന് വിളിക്കുന്നത് അദ്ദേഹത്തെ ദൈവമായി അംഗീകരിക്കുന്നതിനു തുല്യമായിരുന്നു. ഏകദൈവത്തിൽ വിശ്വസിച്ചിരുന്ന വിശ്വാസസമൂഹം അതിന് വഴങ്ങാതിരുന്നത് ദൈവമല്ലാതെ മറ്റൊരുത്തരേയും ആരാധിക്കയില്ലെന്ന അവരുടെ വിശ്വാസ ദാർഢ്യത്തിന്റെ നിദർശനമായിരുന്നു. ഏകദൈവത്തിലും ക്രിസ്തുവിലും മാത്രമുള്ള സഭയുടെ വിശ്വാസം വിശുദ്ധ പൗലോസ് എടുത്തു പറയുന്നത് ശ്രദ്ധിക്കുക. "ലോകത്തിൽ വിഗ്രഹം ഏതുമില്ലെന്നും ഏകദൈവമല്ലാതെ ദൈവമില്ലെന്നും നാം അറിയുന്നു. പല ദേവന്മാരും പല കർത്താക്കന്മാരും ഉണ്ടെന്ന് പറയുന്നുവല്ലോ. എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ഏക ദൈവമേ നമുക്കുള്ളൂ;.... യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ട്...." (1 കൊരി. 8:4-6; ആവ.6:4).

യേശുക്രിസ്തുവിനോടു ചേർത്ത് ഉപയോഗിച്ചിരുന്ന 'കർത്താവ്' എന്ന പദത്തെപ്പറ്റി ഇനിയും വിചിന്തനം ചെയ്യാം. യഹൂദന്മാരും യേശുവിനെ അംഗീകരിച്ച യെഹൂദവിശ്വാസികളും ഏകദൈവമായ "യാഹ്വെയെ" അദോനായ് - കർത്താവ് എന്നു സംബോധന ചെയ്തിരുന്നു, എന്തെന്നാൽ 'യാഹ്വെ' എന്ന വാക്ക് ഉച്ചരിക്കുവാൻ പാടില്ലാത്ത നാലു വിശുദ്ധാക്ഷരങ്ങളുടെ (Sacred Tetragrammation) സംയുക്തരൂപമായിരുന്നു. അതിന് പകരമായി അദോനായ് എന്ന് വിളിച്ചു വന്നു ('മാറി' എന്ന് സുറിയാനിയിൽ) 'അദോനി-മാറി' പദങ്ങൾ ഗ്രീക്കു ഭാഷയിൽ കുറിയോസ് എന്ന് ഭാഷാന്തരം ചെയ്തു. രണ്ടു പദങ്ങളും മലയാളത്തിൽ കർത്താവ് എന്നു വിവർത്തനം. അദോനായ് (യാഹ്വെ) അദോനി (മനുഷ്യപുത്രനായ യേശു) എന്ന സംബോധനകൾ വ്യത്യാസമില്ലാതെ കർത്താവ് എന്ന് ഉപയോഗിച്ചപ്പോൾ ദൈവവും മനുഷ്യപുത്രനും വ്യത്യാസം ഇല്ലാത്തവരായി തീർന്നു. റോമ ചക്രവർത്തിയെ കർത്താവ് എന്ന് സംബോധന ചെയ്യാൻ വിസമ്മതിച്ചവർ ദൈവവും മനുഷ്യനും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിയ വിശ്വാസികൾ ആയിരുന്നു. ഗ്രീക്കു ഭാഷ സംസാരിച്ചിരുന്ന വിജാതീയ ക്രിസ്ത്യാനികൾക്ക് യേശു 'അനേർതിയു' (Man of God) 'ദൈവപുത്രൻ' ആയിരുന്നതിനാൽ യേശുവിനെയും കർത്താവിന്റെ സ്ഥാനത്ത് സംബോധന ചെയ്യാൻ പ്രയാസമുണ്ടായില്ല. യഹൂദ ക്രിസ്ത്യാനികളാകട്ടെ യേശുവിനെ സംബന്ധിച്ചിടത്തോളം കുറിയോസ്, 'അദോനി' മാത്രമായിരുന്നു. അഥവാ ദൈവത്തിന്റെ ക്രിസ്തുവായ മനുഷ്യപുത്രൻ. യേശുവിനെ കർത്താവ് എന്നു വിളിക്കുമ്പോൾ സ്രഷ്ടാവായ സത്യേക ദൈവത്തിന് ഉപയോഗിച്ചു വന്ന പഴയനിയമത്തിലെ 'അദോനായ്' പ്രയോഗത്തിന് തുല്യമായ യെഹൂദാ പ്രയോഗമാണ് ആവർത്തിക്കപ്പെടുന്നത്. യേശു, ക്രിസ്തു, കർത്താവ് തുടങ്ങിയ പദങ്ങളുടെ അർത്ഥവ്യാപ്തി പോലും ഗ്രഹിക്കാതെ സാമാന്യ ജനത്തെ ന്യൂജനറേഷൻ ഉപദേഷ്ടാക്കന്മാർ വഞ്ചിക്കുകയാണ്.

പുതിയനിയമത്തിൽ യേശുവിന്റെ ആളത്വങ്ങളെക്കുറിച്ചുള്ള സിദ്ധാന്തങ്ങളെല്ലാം പരിശോധിച്ചാൽ ആളുകൾ യേശുവിനെക്കുറിച്ചുള്ള തങ്ങളുടെ ആശയങ്ങൾ വെളിപ്പെടുത്തിയത് വിവിധ പദങ്ങൾ പ്രയോഗിച്ചാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. യേശുവിനെ കണ്ടവർ അവർക്കിഷ്ടമുള്ള പദങ്ങളാൽ യേശുവിനെ വെളിപ്പെടുത്തി. എല്ലാവരും കൃപാലുവായ ദൈവം തന്നെയാണ് ലോകത്തിലേക്ക് വന്നതെന്ന് വിശ്വസിച്ചു. യേശുവിനെക്കുറിച്ച് പല പദങ്ങളും നാമങ്ങളും ഉപയോഗിച്ചു എങ്കിലും ഗ്രഹിച്ച സത്യം യേശുക്രിസ്തു കർത്താവാണെന്നുള്ളതാണ്. യേശുക്രിസ്തുവിന്റെ ആളത്വത്തെ വ്യക്തമാക്കുന്ന തത്ത്വശാസ്ത്രത്തിലല്ല, രക്ഷാവിഷയത്തിലാണ് അപ്പോസ്തലന്മാർ ശ്രദ്ധയും ഊന്നലും നൽകിയത്. തന്റെ മരണത്താൽ മനുഷ്യരെ രക്ഷിക്കണമെങ്കിൽ യേശു ആരെന്നും അവിടുത്തെ സ്വഭാവം എന്തെന്നും നമുക്ക് വെളിപ്പെട്ടു കിട്ടേണ്ടിയിരിക്കുന്നു. സകലവും ക്രിസ്തുമൂലം സൃഷ്ടിക്കപ്പെട്ടു. അവിടുന്ന് സകലത്തേയും സംരക്ഷിക്കുന്നു. സകലവും യേശുവിനെ ലാക്കാക്കി പ്രയാണം ചെയ്യുന്നു എന്നാണ് കൊലോസ്യർ 1:13-18ൽ വ്യക്തമാക്കിയിരിക്കുന്നത്. ഏക ദൈവമേയുള്ളുവെന്ന് പൗലോസ് പറയുന്നിടത്തുതന്നെ എല്ലാം യേശു മുഖാന്തിരമാണ് ഉണ്ടായിട്ടുള്ളതെന്ന് സ്ഥാപിക്കുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവു മുഖാന്തിരം സകലവും അവർ മുഖാന്തിരം നാമും ആകുന്നുവെന്ന് 1 കൊരി. 8:6-ലും യേശുക്രിസ്തു സർവ്വത്തിനുംമീതെ ദൈവമാണെന്ന് റോമർ 9:5ലും വ്യക്തമാക്കിയിരിക്കുന്നു.

ക്രിസ്തുമാർഗ്ഗത്തിന്റെ ശത്രുവായ ഒരു സമുദായനേതാവ് ചോദിച്ച വിവാദ ചോദ്യത്തിനുള്ള മറുപടി അടുത്തലക്കത്തിൽ

This is The Word of God
Visit us: www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


Published on 1st January 2016
Posted on 15, 16 January 2016
Posted at R.M.S. Kayamkulam




മനുഷ്യൻ ഒരു റോബോട്ട് പോലെയാണ്. ഉള്ളിലുള്ള ഒരു പ്രോഗ്രാമിനെ അടിസ്ഥാനമാക്കിയാണ് മനുഷ്യന്റെ പ്രവൃത്തികൾ. എന്നാൽ ഒരു റോബോട്ടിൽ നിന്നു പല കാര്യങ്ങളിലും മനുഷ്യൻ വ്യത്യസ്തനാണ്. ഒരിക്കൽ ഒരു പ്രോഗ്രാം റോബോട്ടിന്റെ ഉള്ളിൽ സ്ഥാപിച്ചാൽ അതിന്റെ അടിസ്ഥാനത്തിലായിരിക്കും റോബോട്ടിന്റെ പ്രവർത്തനം. അതിന്റെ നിർമ്മാതാവ് വ്യത്യസ്തമായ ഒരു പ്രോഗ്രാം അതിൽ ഇൻസ്റ്റാൾ ചെയ്താൽ അതിന്റെ പ്രവർത്തനം മാറും. മനുഷ്യനാകട്ടെ, തന്റെ ഉള്ളിലുള്ള പ്രോഗ്രാമിൽ മാറ്റം വരുത്താൻ കഴിവുള്ള ഒരു റോബോട്ടാണ്.

ഇങ്ങനെ സ്വന്തം പ്രോഗ്രാമിൽ വരുത്തുന്ന മാറ്റങ്ങൾ നന്മയ്ക്കോ തിന്മയ്ക്കോ മുഖാന്തിരമാകാം. അനുഭവങ്ങളിൽ നിന്നു പാഠങ്ങൾ ഉൾക്കൊണ്ട് നന്മതിന്മകളെ തിരിച്ചറിഞ്ഞു തിന്മകളെ വിട്ടു നന്മയുടെ പാതയിലൂടെ ചരിക്കുകയാണ് ആവശ്യം.

മനുഷ്യൻ ഭൂമി അഥവാ പ്രകൃതിയുടെ ഭാഗമാണ്. ആ ഭൂമി പ്രവർത്തിക്കുന്നത് അതിന്റെ പ്രോഗ്രാമിന്റെ അടിസ്ഥാനത്തിലാണ്. പ്രകൃതിയുടെ പ്രോഗ്രാമിന് എതിരാകാതെ അതിനോടു ചേർന്ന് പോകുന്ന പ്രോഗ്രാം മാത്രമേ മനുഷ്യൻ ഉണ്ടാക്കാവൂ. അല്ലാത്ത ഒരു പ്രോഗ്രാം മനുഷ്യൻ രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്താൽ അത് നാശത്തിന് കാരണമാകും. ലോകത്തിന് അതിന്റേതായ ഒരു പ്രോഗ്രാമുണ്ട്. ആ പ്രോഗ്രാമിനോടു ചേർന്നുപോകാത്ത ഒരു പ്രോഗ്രാമും ലോകത്തിലുള്ള ഒരു ജീവിക്കും ഉണ്ടാകാൻ പാടില്ല.




ലോകത്തിന്റെ പ്രോഗ്രാം കണ്ടെത്താനുള്ള ശ്രമത്തിലാണ് നമ്മുടെ ശാസ്ത്രവും തത്വചിന്തയും. ലോകത്തിന്റെ പ്രോഗ്രാമിനെ ഗ്രീക്കു ചിന്തയിൽ 'ലോഗോസ്' എന്നു വിളിച്ചിരുന്നു. അങ്ങനെയാണ് ശാസ്ത്രശാഖകൾക്ക് logy എന്ന് അവസാനിക്കുന്ന പേരുകൾ വന്നത്. ഉദാഹരണത്തിന് Biology എന്നുപറഞ്ഞാൽ logos of bios (ജീവജാലങ്ങളുടെ പ്രോഗ്രാം) എന്ന് അർത്ഥം.

ലോകത്തിന്റെ പ്രോഗ്രാമിനു നമ്മുടെ പൂർവികർ കൊടുത്ത പേര് ദൈവഹിതം അഥവാ ദൈവനിയമം എന്നാണ്. ലോകത്തിന്റെ സ്രഷ്ടാവ് തന്നെയാണ് ലോകത്തിന്റെ പ്രോഗ്രാമും ഉണ്ടാക്കിയിരിക്കുന്നത് എന്ന അർത്ഥത്തിലാണ് അത്. ദൈവനിയമം ലംഘിക്കുന്നത് നാശകാരണമാവും എന്ന് നാം മനസ്സിലാക്കുന്നത് ആ അർത്ഥത്തിലാണ്.

ഇതാണ് ആദമിന്റെയും ഹവ്വയുടെയും കഥയുടെ വിഷയം. ഏദൻ തോട്ടം പ്രവർത്തിക്കുന്നത് അതിന്റെ പ്രോഗ്രാമിന്റെ അടിസ്ഥാനത്തിലാണ്. ഏദൻതോട്ടത്തിന്റെ സ്രഷ്ടാവ് തന്നെയാണ് അതിനുള്ള പ്രോഗ്രാമും നൽകിയിരിക്കുന്നത്. ആ തോട്ടത്തിന്റെ ഭാഗമെന്ന നിലയിൽ മനുഷ്യനും ആ തോട്ടത്തിന്റെ പ്രോഗ്രാമിനോടു ചേർന്ന് വേണം ജീവിക്കാൻ. തോട്ടത്തിന്റെ പ്രോഗ്രാമിൽ നിന്നു വ്യത്യസ്തമായ ഒരു പ്രോഗ്രാം മനുഷ്യനു ഉണ്ടാകുന്നത് നാശകാരണമാണ്. അങ്ങനെയുള്ള ഒരു പ്രോഗ്രാം മനുഷ്യൻ ഉണ്ടാക്കുന്നതിന്റെ ഫലമായി മനുഷ്യബന്ധങ്ങൾ താറുമാറാകുന്നു. മാത്രമല്ല മനുഷ്യനു തോട്ടത്തിൽ നിന്നു പുറത്തുപോകേണ്ടതായും വരുന്നു.

ലോകം 100% ദൈവം നൽകിയിരിക്കുന്ന പ്രോഗ്രാമിനു വിധേയമായി പ്രവർത്തിക്കുമ്പോൾ അതിനു സ്വർഗം എന്നു പേര് വിളിക്കാം. എന്നാൽ ആ ആദർശലോകത്തിൽ നിന്നു വളരെ അകലെയാണ് നമ്മുടെ യഥാർത്ഥ ലോകം. മനുഷ്യനിർമ്മിതമായ ഒട്ടനവധി വികല പ്രോഗ്രാമുകൾ നമ്മുടെ ലോകത്തെ ഒരു നരകമാക്കി മാറ്റിയിരിക്കുന്നു.

ലോകത്തെ സ്വർഗമാക്കി മാറ്റുന്നതിന് നമുക്ക് എന്തു ചെയ്യാൻ കഴിയും? വികലമായ പ്രോഗ്രാമുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നമ്മെത്തന്നെ നമുക്ക് reprogram ചെയ്യേണ്ടതുണ്ട്. സ്രഷ്ടാവിന്റെ പ്രോഗ്രാമിനോടു ചേർന്നുപോകാത്ത എല്ലാ മനുഷ്യ നിർമ്മിത പ്രോഗ്രാമുകളെയും uninstall ചെയ്ത്, സ്രഷ്ടാവിന്റെ പ്രോഗ്രാം തന്നെ അതിന്റെ സ്ഥാനത്ത് install ചെയ്യണം.

അനേക നൂറ്റാണ്ടുകൾ കൊണ്ട് മനുഷ്യജീവിതത്തെ പ്രവർത്തിപ്പിക്കുന്ന വികലമായ പ്രോഗ്രാമുകളെ ഒറ്റയടിക്ക് uninstall ചെയ്യാൻ സാധ്യമല്ല. നീണ്ടകാലത്തെ നിരന്തരവും ബോധപൂർവവുമായ പരിശ്രമം കൊണ്ടേ ഒരു വ്യക്തിയുടെ ജീവിതത്തിൽ ഇത് സാധ്യമാകൂ.

ദൈവരാജ്യത്തിൽ കടക്കുന്നതിന് പുതുതായി ജനിക്കണം എന്ന് യേശുതമ്പുരാൻ പഠിപ്പിച്ചു. 100% സ്രഷ്ടാവിന്റെ (ദൈവത്തിന്റെ) പ്രോഗ്രാം അനുസരിക്കുന്ന വ്യവസ്ഥിതിയാണ് സ്വർഗരാജ്യം. അതിൽ കടക്കണമെങ്കിൽ നമ്മുടെ പ്രോഗ്രാമിൽ സമൂലമായ മാറ്റം വന്നേ തീരു. അതൊരു പുതുജനനമാണ്. അത് മാനസാന്തരമാണ്. മനസ്സിന്റെ മാറ്റം പ്രോഗ്രാമിന്റെ മാറ്റമാണ്.

വികലമായ പ്രോഗ്രാമുകളെ uninstall ചെയ്യാനും സ്രഷ്ടാവിന്റെ പ്രോഗ്രാം install ചെയ്യാനും ദൈവം നമുക്ക് ഒരു മാർഗ്ഗം ഉണ്ടാക്കിത്തന്നിട്ടുണ്ട്. അതാണ് ബൈബിൾ അഥവാ വിശുദ്ധ വേദപുസ്തകം.

കമ്പ്യൂട്ടറുകൾ networked ആയി പരസ്പരം ആശയവിനിമയം നടത്താറുണ്ട്. ലോകത്തിലുള്ള കമ്പ്യൂട്ടറുകൾ world wide web എന്ന ലോക network ന്റെ ഭാഗമായിരിക്കുന്നതുകൊണ്ടാണ് നമുക്ക് ഇന്റർനെറ്റിൽ നിന്ന് ഏത് വിവരങ്ങളും ഉടനടി ലഭിക്കുന്നത്. ചലിക്കുന്ന കമ്പ്യൂട്ടറുകൾ എന്ന നിലയിൽ റോബോട്ടുകൾക്കും നെറ്റ്‌വർക്ക് ആകാം. മനുഷ്യർക്ക് തമ്മിലും അത്തരം ഒരു നെറ്റ്‌വർക്ക് ഉണ്ട്. ഒരു തരം telepathic ആശയവിനിമയം മനുഷ്യർ തമ്മിൽ നടക്കുന്നുണ്ട്. നമുക്കും നമ്മുടെ സ്രഷ്ടാവിനും ഇടയിൽ നടക്കുന്നതും അത്തരം ഒരു ആശയവിനിമയം ആണ്. ഒരു ജനസമൂഹം ഒരുമിച്ച് ഏകാഗ്രതയോടെ ആരാധിക്കുമ്പോൾ അവർ തമ്മിലും അവരും സ്രഷ്ടാവും തമ്മിലും ആശയവിനിമയം നടക്കും. അങ്ങനെ നമ്മടെ സ്രഷ്ടാവുമായി connect ചെയ്യുമ്പോഴാണ് നമ്മുടെ original manufacturer's program നമ്മിൽ reinstall ചെയ്യപ്പെടുന്നത്.

100 ശതമാനം സ്രഷ്ടാവിന്റെ പ്രോഗ്രാമിനോടു ചേർന്ന് ജീവിച്ച യേശുക്രിസ്തു ഇക്കാര്യത്തിൽ നമുക്ക് മാതൃക കാണിച്ചുതന്നിരിക്കുന്നു. യേശുക്രിസ്തുവിനെ അനുഗമിക്കുന്നവരാണ് ക്രിസ്ത്യാനികൾ. അവർ ക്രിസ്തുവിനോടു ഒന്നായി ചേർന്ന് സ്രഷ്ടാവിന്റെ പ്രോഗ്രാം തന്നെ തങ്ങളുടെ പ്രോഗ്രാം ആക്കി മാറ്റേണ്ടിയിരിക്കുന്നു.




☺ന്യൂജനറേഷൻ ഉപദേശങ്ങളെ എങ്ങനെ നോക്കക്കാണുന്നു.

*എമി ജോർജ്ജ്, ആക്കുളം, ഉള്ളൂർ, തിരുവനന്തപുരം*

☹**വെറും വാചക പാതകം**

☺വിമർശനം ഒഴിവാക്കി ആത്മീയ മര്യാദ പാലിച്ചു കൊണ്ട് ആത്മീയം പഠിപ്പിക്കരുതോ.

*ജെറി പുളിയ്ക്കൻ, വാരാപുഴ, തേവർകാട്, എറണാകുളം.*

☹**കക്കരുത്, കയ്യിട്ടു വാരരുത്, കളിപ്പിക്കരുത് തുടങ്ങിയ മര്യാദകൾ പാലിച്ചു കൊണ്ടു പഠിപ്പിക്കുന്ന ആത്മീയ മര്യാദയാണ് ഞങ്ങളുടേത്.**

☺പോസ്റ്ററുകളിൽ യേശു സൗഖ്യമാക്കുന്നു എന്നാണല്ലോ. പിന്നെ എന്താ അത്ഭുത രോഗശാന്തിക്ക് ഒരു കുഴപ്പം.

*മോനമ്മ ചെറിയാൻ, മുണ്ടുകോട്, കോപ്പ, കർണ്ണാടക*

☹ **പോസ്റ്ററിൽ യേശുവും, പോസ്റ്റിൽ ചെകുത്താനുമാണ് വിലസുന്നത്.**

☺ ഓൾഡ് ജനറേഷനേയും ന്യൂ ജനറേഷനേയും വിലയിരുത്തുമ്പോൾ.

*ഷീബ ജോൺസൺ, കാനം, വാഴൂർ, കോട്ടയം*

☹**കടലിനും ചെകുത്താനും മധ്യേ**

☺അമേരിക്കക്കാരന്റെ ധർമ്മസങ്കടത്തിന് ഒരു വിശദീകരണം.

*ബിജോയി പാറക്കടവിൽ, മണിപ്പുഴ, മൂലവട്ടം.*

☹**പ്രസംഗിക്കാനെന്ന പേരിൽ പിരിവിനു വരുന്നവർക്ക് ധർമ്മം (പിച്ചക്കാശ്) കൊടുത്തുകഴിഞ്ഞ് അമേരിക്കക്കാരനുണ്ടാകുന്ന സങ്കടം.**

☺ആത്മീയ ഗോളത്തിൽ ഇന്നു കാണുന്ന ബഹളങ്ങളെല്ലാം കോർത്തിണക്കി ഒരു പുസ്തകമെഴുതിയാൽ അതിന് എന്ത് പേര് കൊടുക്കും.

*സൈമൺ കോശി, നീർപ്പാറ, തലയോലപ്പറമ്പ്, വടകര*

☹**കാലന്റെ കെടുതിയും ഞരമ്പുരോഗവും**

☺വീടില്ലാത്തവർക്ക് വീടു നൽകാനെന്ന പേരിൽ ഒരു ചാനൽ, കോടികൾ പിരിച്ചു നിർമ്മിക്കുന്ന വീടിനുള്ളിൽ നിന്ന് മുകളിലേക്ക് നോക്കിയാൽ ആകാശം കാണാം. പിരിച്ചെടുത്ത കോടികൾ എവിടെ പോയി.

*ജെസി ബാബു, പാതിരപ്പള്ളി, ഓമനപ്പുഴ, ആലപ്പുഴ*

☹**അത് ചിലവായി (ൽ) പോയി കാണും. തൽക്കാലം ഒരു കോടി (മുണ്ട്) വാങ്ങി ആകാശം മറയ്ക്കുക.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew